
# UDAYADEEPA




VOL. XVII ISSUE - 06
JUNE - 2025 BELTHANGADY

Prayerful Wishes

**Pope LEO XIV**





With Prayer

**Bishop Lawrence Mukkuzhy**
**Priests, Sisters & All the Faithful**
**Diocese of Belthangady**

# UDAYADEEPA BELTHANGADY

# ಉದಯದೀಪ ಬೆಳ್ತಂಗಡಿ

# ഉദയദീപ ബെൽത്തംഗഡി

## Belthangady Diocesan Bulletin

Vol. XVII Issue-06 June - 2025 Page- 64

Annual Subscription: Rs. 140-00 Single Copy: Rs. 12-00

Edited, Printed and Published, by Fr. Joseph Valiaparambil
Bishop's House, Udayanagar, P.B. No.13
Belthangady - 574 214, D.K., Karnataka, India.
Printed at Shree Raghavendra Printers, Ujire-574 240

Website: www.belthangadydiocese.com
Email : udayadeepabel@gmail.com
Tel.: 08256-232439

# CONTENTS


| | | |
|---|---|---|
| 01. | Circular Letter : 7/2025 | 05 |
| 02. | Circular Letter : 8/2025 | 09 |
| 03. | Pope Leo XIV : Bio Data | 11 |
| 04. | Pope Leo XIV : First Speech | 12 |
| 05. | Christ Jubilee | 14 |
| 06. | Notifications from the Chancellery | 15 |
| 07. | Decree : Bajagoli Region | 25 |
| 08. | Catechism Department News | 26 |
| 09. | Bible Apostolate | 39 |
| 10. | Social Service Department | 44 |
| 11. | Family Apostolate | 46 |
| 12. | Youth Apostolate | 47 |
| 13. | Photo Gallery | 49 |
| 14. | Bishop's Diary | 60 |
| 15. | Bishop's Engagements | 63 |

Circular No. 07/ 2025

## പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ

വന്ദ്യസഹോദരരേ, വത്സല മക്കളേ,

വിശുദ്ധ കത്തോലിക്കാ സഭയും ലോകവും ഒരുപോലെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്ന വ്യക്തിയാണ് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ. 21.04.2025ന് മാർപാപ്പ നിര്യാതനായി! ഈ വാർത്ത വലിയ സങ്കടത്തോടെയാണ് ലോകവും സഭയും ശ്രവിച്ചത്. 38 ദിവസം ആശുപത്രിയിൽ കഴിഞ്ഞതിനുശേഷം ആരോഗ്യം ഒരുവിധം മെച്ചപ്പെട്ടു എന്ന് വിചാരിച്ചിരിക്കേയാണ് ഈസ്റ്റർ ദിനത്തിൽ ലോകത്തിന് മുഴുവനും ആശീർവ്വാദം നൽകിയ ശേഷം പിറ്റേന്ന് തന്റെ ദൗത്യം പൂർത്തിയാക്കി സ്വർഗ്ഗപിതാവിന്റെ പക്കലേക്ക് യാത്രയായത്!

പുണ്യശ്ലോകനായ ബെനഡിക്ട് പതിനാറാമൻ മാർപാപ്പ സ്ഥാനമൊഴിഞ്ഞതിനെ തുടർന്നു 2013ൽ അർജന്റിനക്കാരനായ കർദിനാൾ ജോർജ് മാരിയൊ ബേർഗോളിയോ ഫ്രാൻസിസ് എന്ന പേര് സ്വീകരിച്ചുകൊണ്ട് കത്തോലിക്കാ സഭയുടെ 266-ാം മത്തെ മാർപാപ്പയായി സ്ഥാനമേറ്റു. പന്ത്രണ്ടു വർഷം സംഭവബഹുലവും ലോകം മുഴുവനും ഏറെ ഇഷ്ടപ്പെട്ടതുമായ ശുശ്രൂഷയ്ക്ക് ശേഷമാണ് ഫ്രാൻസിസ് മാർപാപ്പ ദിവംഗതനായത്.

ഫ്രാൻസിസ് മാർപാപ്പയെ ലോകം എന്നും ഓർത്തിരിക്കും. ദൈവത്തിന്റെ കരുണയുടെ മുഖം വാക്കിലും പ്രവർത്തിയിലും പ്രബോധനത്തിലും മനസ്സിലാക്കി കൊടുത്ത വി. കത്തോലിക്ക സഭയ്ക്ക് നവചൈതന്യം പകർന്ന വ്യക്തിയാണ് ഫ്രാൻസിസ് മാർപാപ്പ! സഭയിലും ലോകത്തിലും സമാധാനം അവിശ്രാന്തം പ്രസംഗിച്ച വ്യക്തിയാണ് ഫ്രാൻസിസ് മാർപാപ്പ! സഭയ്ക്കുള്ളിൽ അച്ചടക്കവും സിനഡാത്മകതയും (Synadality) കൊണ്ടുവരാൻ അക്ഷീണം ശ്രമിച്ചു. മതമൈത്രി സ്ഥാപിക്കാൻ ഏറെ പരിശ്രമിച്ചു. ലോകനേതാക്കൾ വളരെ ശ്രദ്ധയോടെയാണ് മാർപാപ്പയുടെ സ്വരം ശ്രവിച്ചിരുന്നത്.

എളിയവനായ എനിക്ക് അഞ്ച് പ്രാവശ്യം മാർപാപ്പയെ നേരിൽ കാണുവാൻ ഭാഗ്യം ലഭിച്ചു. അപ്പോഴൊക്കെ വലിയ സ്നേഹത്തോടെ നമ്മുടെ രൂപതയെക്കുറിച്ച് ചോദിച്ചറിയുകയും ആശീർവ്വാദം നൽകു

കയും ചെയ്തിട്ടുണ്ട്. നമ്മുടെ രൂപതയുടെ ജൂബിലി അവസരത്തിൽ മാർപാപ്പയെ ഞാൻ കണ്ടപ്പോൾ പിതാവ് നമുക്കെല്ലാവർക്കും ആശീർവ്വാദം നൽകുകയും എന്റെ തലയിൽ കൈവച്ച് പ്രാർത്ഥിക്കുകയും ചെയ്തത് ഞാൻ ഓർക്കുന്നു!

ഇനി ഫ്രാൻസിസ് മാർപാപ്പ സ്വർഗ്ഗത്തിൽ  പരിശുദ്ധ ത്രിത്വത്തിന്റെ സന്നിധിയിൽ നമുകുവേണ്ടി പ്രാർത്ഥിക്കും.

## ലിയോ പതിനാലാമൻ മാർപാപ്പ

2025 ഏപ്രിൽ 21ന്  ഫ്രാൻസിസ് മാർപാപ്പ ദിവംഗതനായ വാർത്ത ലോകത്തെ ഞെട്ടിച്ചു! ഇനി ആര് എന്ന ചിന്തയായിരുന്നു സഭാ മക്കളിലും ലോകത്തിൽലെമ്പാടും! എന്നാൽ 08.05.025ന് റോമിലേ സിസ്റ്റെൻ ചാപ്പലിൽനിന്നു വെളുത്ത പുക ഉയർന്നു. ഏവരെയും ആനന്ദിപ്പിച്ചുകൊണ്ട് അമേരിക്കയിൽനിന്നുള്ള കർദിനാൾ റോബർട്ട് ഫ്രാൻസിസ് പ്രിവോസ്റ്റ്, ലിയോ പതിനാലാമൻ എന്ന പേര് സ്വീകരിച്ചുകൊണ്ട് 267-ാം മത്തെ മാർപാപ്പയായി പ്രത്യക്ഷപ്പെട്ടു! ദൈവം സഭക്ക് വളരെ കരുതലോടെ നിയമിച്ചാക്കിയ മാർപാപ്പയാണ്  ലിയോ പതിനാലാമൻ!

ലിയോ പതിനാലാമൻ മാർപാപ്പ 14.09.1955ന് ചിക്കാഗോയിൽ ജനിച്ചു. അഗസ്റ്റീനിയൻ സഭയിൽ ചേർന്ന് വൈദികനായി.  അഗസ്റ്റീനിയൻ സഭയുടെ പ്രിയോർ ജനറൽ ഉൾപ്പെടയുള്ള വിവിധ ഉയർന്ന തസ്തികകളിൽ തിളക്കമാർന്ന സേവനം അനുഷ്ഠിച്ചു. 2014 നവംബർ 03ന് പെറുവിൽ ചിക്ലായോ എന്ന  രൂപതയുടെ മെത്രാനായി നിയമിതനായി. ഒമ്പതു വർഷത്തെ മേൽപ്പട്ട ശുശ്രൂഷ വിജയകരമായി നടത്തിയശേഷം 2023ൽ ഫ്രാൻസിസ് മാർപാപ്പ അദ്ദേഹത്തെ കർദിനാളായി നിയമിക്കുകയും കത്തോലിക്ക മെത്രാൻ തിരുസംഘത്തിന്റെ അധ്യക്ഷനാക്കുകയും ചെയ്തു. ഫ്രാൻസിസ് മാർപാപ്പ നിര്യാതനായ ശേഷം പുതിയ മാർപാപ്പയെ തെരഞ്ഞെടുക്കാൻ ചേർന്ന കോൺക്ലേവിൽവച്ച് 08-05 -2025 ന് മാർപാപ്പയായി തിരഞ്ഞെടുക്കപ്പെട്ടു.

നമ്മുടെ  കർത്താവിശോമിശിഹാ  ഉയർപ്പിക്കപ്പെട്ടതിനുശേഷം ശിഷ്യന്മാർക്ക് ആശംസിച്ച സമാധാനം ആശംസിച്ചുകൊണ്ടാണ് മാർപാപ്പ തന്റെ വാക്കുകൾ ആരംഭിച്ചത്. ലോകം തരുന്ന സമാധാത്തിൽനിന്നും വ്യത്യസ്ഥമായി ദൈവീകമായ സമാധാനം ലോകത്തിന്

സമ്മാനിക്കാനാണ് മാർപാപ്പ ആഗ്രഹിക്കുന്നത്. ഫ്രാൻസിസ് മാർപാപ്പയുടെ ദൗത്യം തുടരുകയാണ് തന്റെയും ദൗത്യമെന്ന് ലിയോ പതിനാലാമൻ മാർപാപ്പ പറഞ്ഞു.ലോകം വലിയ പ്രതീക്ഷയോടെയാണ് മാർപാപ്പയെ കാണുന്നത്.

1878 മുതൽ 1903 വരെ സഭയെ ദീർഘനാൾ ധീരതയോടെ നയിച്ച വലിയ ഇടയനാണ് ലിയോ പതിമൂന്നാമൻ മാർപാപ്പ. ''റേരും നോവാറും'' എന്ന വിശ്വവിഖ്യാതമായ ചാക്രിക ലേഖനം എഴുതി ലോകത്തിലെ തൊഴിലാളികൾക്കും ഉടമകൾക്കും നീതി വരുത്തികൊടുക്കാൻ വലിയ ശ്രമം നടത്തിയ മാർപാപ്പയാണ് ലിയോ പതിമൂന്നാമൻ മാർപാപ്പ! '' ഭാരതമേ നിന്റെ രക്ഷ നിന്റെ മക്കളിൽ'' എന്ന മുദ്രാവാക്യം ലിയോ പതിമൂന്നാമൻ മാർപാപ്പയുടെതാണ്.സീറോ മലബാർ സഭയ്ക്ക് തനതായ മെത്രാന്മാരെ നൽകുകയും സഭയെ ഏറെ സ്നേഹിക്കുകയും ചെയ്ത പിതാവായിരുന്നു ലിയോ പതിമൂന്നാമൻ മാർപാപ്പ.

ഇപ്പോഴത്തെ മാർപാപ്പ ലിയോ പതിനാലാമൻ എന്നപേര് സ്വീകരിക്കുമ്പോൾ നമുക്ക് ഊഹിക്കാവുന്നത്, ലിയോ പതിമൂന്നാമന്റെ വലിയ പാരമ്പര്യം തുടരാൻ പുതിയ മാർപാപ്പ ആഗ്രഹിക്കുന്നു എന്നതാണ്. ലിയോ പതിനാലാമനെ അടുത്തറിയാവുന്നവരുടെ അഭിപ്രായം, പിതാവ് കൂർമ്മ ബുദ്ധിയുള്ളവനും കാര്യങ്ങൾ കൃത്യതയോടെ വിലയിരുത്തി പക്വമായി തീരുമാനമെടുത്ത് ധീരതയോടെ നീങ്ങുന്നവനും, ലളിത ജീവിതം നയിച്ച് ജനങ്ങളെ സന്തോഷിപ്പിക്കുന്നവനുമാണ് എന്നാണ്. ലിയോ പതിനാലാമൻ അടി സ്ഥാനപരമായി വലിയ മിഷനറിയാണ് ; വലിയ പ്രാർത്ഥനാ ജീവിതം നയിക്കുന്ന വ്യക്തിയാണ്. ''എനിക്ക് ഇഷ്ടപ്പെട്ട ഇടയന്മാരെ ഞാൻ നിങ്ങൾക്ക് തരും; അവർ ജ്ഞാനത്തോടും വിവേകത്തോടും കൂടെ നിങ്ങളെ പാലിക്കും'' (ജെറ 3 :15) എന്ന തിരുവചനമാണ് ലിയോ മാർപാപ്പായെ കുറിച്ച് എനിക്ക് പറയാൻ തോന്നുന്നത്. പിതാവ് വൈദികനായിരുന്ന കാലത്ത് കേരളം ഉൾപ്പെടെ ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ വന്നിട്ടുണ്ട് എന്നത് ദൈവപരിപാലനയായി വേണം നാം കാണുവാൻ.

ആഗോള കത്തോലിക്കാ സഭയെ ജ്ഞാനത്തോടും വിവേകത്തോടുകൂടി ഈ കാലത്ത് പാലിക്കുക എന്നത് എളുപ്പമുള്ള കാര്യമല്ല എന്ന് നമുക്കറിയാം. അതുകൊണ്ട് നാം മാർപാപ്പായ്ക്കുവേണ്ടി ആത്മാർത്ഥ

തയോടും തീക്ഷ്ണതയോടു കൂടി പ്രാർത്ഥിക്കണം; മാർപാപ്പ നൽകുന്ന കൽപ്പനകൾ അതുപോലെ പാലിച്ച് സഭയുടെ വിശ്വസ്ത മക്കളായി ജീവിക്കണം. ലിയോ പതിനാലാമൻ മാർപാപ്പക്ക് പൂർണ്ണ പിന്തുണ നമുക്ക് നൽകാം.

"ദൈവമായ കർത്താവ് അരുളി ചെയ്യുന്നു: ഇതാ ഞാൻ തന്നെ എന്റെ ആടുകളെ അന്വേഷിച്ച് കണ്ടെത്തും. .... നല്ല പുൽത്തകിടികളിൽ ഞാൻ അവയെ മേയിക്കും" (എസ.34:11,14) എന്ന വചനപ്രകാരം പരിശുദ്ധ പിതാവ് ലിയോ പതിനാലാമൻ മാർപാപ്പയിലൂടെ ദൈവം നമ്മെ നല്ല പുൽത്തകിടികളിലേക്ക് നയിക്കട്ടേയെന്ന് പ്രാർത്ഥിച്ചുകൊണ്ട് +പിതാവിന്റെയും +പുത്രന്റെയും +പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഏവരേയും ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി
19-05-2025

+ മാർ ലോറൻസ് മുക്കുഴി
ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

**NB:** ഈ സർക്കുലർ 08-06-2025ന് എല്ലാ കുർബാന മദ്ധ്യേയും വായിക്കേണ്ടതാണ്.

Circular No. 08/ 2025

വന്ദ്യസഹോദരരേ, വത്സല മക്കളേ,

മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വം ഒരിക്കൽകൂടി ഓർമിപ്പിച്ചുകൊണ്ട് ദുക്റാന തിരുന്നാൾ സമാഗതമാവുകയാണ്! ജൂലൈ മൂന്നിന് ആഘോഷിക്കുന്ന ഈ തിരുനാൾ മാർതോമാ ക്രിസ്ത്യാനികളായ നമുക്ക് സുപ്രധാന തിരുനാളുകളിൽ ഒന്നാണ്. എല്ലാവർക്കും ദുക്റാന തിരുനാൾ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു!

വിശുദ്ധ തോമാശ്ലീഹാ നമ്മുടെ വിശ്വാസത്തിന്റെ പിതാവാണ്. ഭാരത നാട്ടിൽ ഈശോയുടെ രക്ഷാ സുവിശേഷം എത്തിച്ച അപ്പസ്തോലനും ഈശോയിലുള്ള വിശ്വാസത്തെപ്രതി ജീവൻ ഹോമിച്ചവനുമാണ്. നമ്മുടെ പൂർവ്വികർ വിശുദ്ധ തോമാശ്ലീഹായിൽ നിന്നു വിശ്വാസം സ്വീകരിച്ചു ; നാമിന്ന് വലിയ ഒരു സഭയായി വളർന്നുകൊണ്ടിരിക്കുന്നു! വിശുദ്ധ തോമാശ്ലീഹായോട് നമുക്ക് വലിയ സ്നേഹവും ആദരവും ഉണ്ട്.

വിശുദ്ധ തോമാശ്ലീഹാ ഈശോയുടെ പന്ത്രണ്ട് അപ്പസ്തോലന്മാരിൽ ഒരുവനായിരുന്നു. ഈശോയ്ക്ക്വേണ്ടി എന്ത് ത്യാഗവും സഹിക്കാൻ തയ്യാറുള്ള വ്യക്തിയുമായിരുന്നു തോമാശ്ലീഹാ. ഈശോയെ അപായപ്പെടുത്താൻ തക്കം നോക്കിയിരുന്ന യഹൂദർ തിങ്ങിപ്പാർക്കുന്ന യൂദായിലേക്ക് പോകാൻ ഈശോ തീരുമാനിച്ചപ്പോൾ മറ്റ് ശിഷ്യന്മാർ അതിനെ നിരുത്സാഹപ്പെടുത്തിയെങ്കിലും, "അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം" (യോഹ. 11 : 16) എന്ന് വിശുദ്ധ തോമാശ്ലീഹായാണ് പറഞ്ഞത്! ഈശോയുടെ മുമ്പിൽ മറ്റുള്ളതെല്ലാം, തന്റെ ജീവൻ പോലും, തോമാശ്ലീഹാ നിസ്സാരമായാണ് കണക്കാക്കിയത്! ഈശോയോട് അത്രയും സ്നേഹവും ബഹുമാനവുമായിരുന്നു തോമാശ്ലീഹായ്ക്ക്.

തോമാശ്ലീഹായുടെ മക്കളായ നമുക്ക് അദ്ദേഹത്തിന് ഉണ്ടായിരുന്ന വിശ്വാസ തീക്ഷ്ണത ഉണ്ടാകട്ടെ. അദ്ദേഹം തെളിച്ച, "തോമയുടെ മാർഗം" നമുക്കും പിന്തുടരാം. 2025 ഈശോ ജനിച്ചിട്ട് 2025 വർഷം പൂർത്തിയാവുകയാണ്. ഈ ജൂബിലി വർഷത്തിൽ തോമാശ്ലീഹായുടെ വിശ്വാസ തീക്ഷ്ണത നമുക്ക് ഉണ്ടാവട്ടെ.

ജൂലൈ മൂന്ന് ദുക്റാന തിരുനാൾ കടമുള്ള ദിവസം കൂടിയാണ്. അന്ന് സർക്കാർ അവധി ദിവസം അല്ല. എങ്കിലും സാധിക്കുന്നവർ അന്നേ ദിവസം വിശുദ്ധ കുർബാനയിൽ പങ്കെടുക്കണം. അവധിദിവസം അല്ലാത്തതിനാൽ ജൂലൈ മൂന്നിന് എല്ലാവരും പള്ളിയിൽ വരാൻ അസൗകര്യം ഉളളതുകൊണ്ട് ജൂലൈ ആറിന് ഞായറാഴ്ച എല്ലാവരും പള്ളിയിൽ വരുകയും വിശുദ്ധ തോമാശ്ലീഹായെ സവിശേഷമായ വിധത്തിൽ അനുസ്മരിക്കുകയും വേണം. അന്നേദിവസം സീറോ മലബാർ സഭാ ദിനവും കൂടിയാണ്. സീറോ മലബാർ സഭയുടെ വിശ്വാസ പാരമ്പര്യവും സഭാ ചൈതന്യവും എല്ലാവർക്കും പ്രത്യേകിച്ച് യുവജനങ്ങൾക്കും കുട്ടികൾക്കും ആഴത്തിൽ മനസ്സിലാകത്തക്കവിധമുള്ള കാര്യപരിവാടികൾ ഒരുക്കേണ്ടതാണ്. അന്ന് സഭാദിനം ആകയാൽ പ്രത്യേക പിരിവ് എടുക്കണം. അതിൽ എല്ലാവരും ഉദാരമായി സഹകരിക്കണം. കാക്കനാടുള്ള നമ്മുടെ സഭാ കേന്ദ്രത്തിലേക്ക് അയച്ചു കൊടുക്കുന്നതിനായി ലഭിക്കുന്ന തുക ജൂലൈ 12നകം രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും വേണം.

“എനിക്ക് ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണ്” (ഫിലി 1:21) എന്ന തിരുവചനം പ്രകാരം തോമാശ്ലീഹായെപോലെ ഈശോയ്ക്ക്വേണ്ടി ജീവിക്കുവാനും മരിക്കാനുമുള്ള വിശ്വാസ തീക്ഷ്ണത നമുക്ക് ഉണ്ടാകട്ടേയെന്ന് പ്രാർത്ഥിച്ചുകൊണ്ട് +പിതാവിന്റെയും +പുത്രന്റെയും +പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഏവരേയും ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി<br>14-05-2025

+ മാർ ലോറൻസ് മുക്കുഴി<br>ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

**NB :** ഈ സർക്കുലർ 29-06-2025ന് എല്ലാ കുർബാന മദ്ധ്യേയും വായിക്കേണ്ടതാണ്.

# Pope Leo XIV

## (Bio Data)

| | | |
|---|---|---|
| Original Name | : | Robert Francis Prevost |
| Date of Birth | : | 14 September 1955 |
| He was elected Pope | : | 8 May 2025 |
| Born | : | Chicago, Illinois |
| Parents | : | Louis Marius Prevost & Mildred Prevost |
| Ordination | : | 19 June 1982 by Jean Jadot |
| Congregation | : | Order of Saint Augustine. |
| **Education** | **:** | Villanova University (BS)<br>Catholic Theological Union (MDiv)<br>Pon. Uni. of Saint Thomas Aquinas (JCL, JCD) (1982-87) |
| **Priestly Ministry** | **:** | 1985 to 1986 and 1988 to 1998 : Parish Pastor, Diocesan Official, Seminary Teacher, and Administrator in Peru.<br>Prior General of the Order of Saint Augustine (2001– 2013) |
| Consecration | : | 12 December 2014 by James Green<br>Titular Bishop of Sufar (2014–2015)<br>Apostolic Administrator of Chiclayo (2014–2015)<br>Bishop of Chiclayo (2015–2023) |
| Created Cardinal | : | 30 September 2023 by Pope Francis |
| Rank | : | Cardinal Deacon (2023–2025) |
| Rank | : | Cardinal Bishop (2025)<br>Cardinal Deacon of Santa Monica (2023–2025)<br>Prefect of the Dicastery for Bishops (2023–2025)<br>President of the Pontifical Commission for Latin America (2023–2025)<br>Cardinal Bishop of Albano (2025) |
| Motto | : | In illo Uno unum<br>(Latin for 'In the One Christ we are one') |

# The Very first Speech of Pope Leo XIV

Peace be with you. Dearest brothers and sisters, this was the first greeting of the risen Christ, the good shepherd who gave his life for the flock of God. I, too, would like this greeting of peace to enter your hearts, to reach your families and all people, wherever they are; and all the peoples, and all the earth: Peace be with you.

This is the peace of the Risen Christ, a disarming and humble and preserving peace. It comes from God. God, who loves all of us, without any limits or conditions. Let us keep in our ears the weak but always brave voice of Pope Francis, who blessed Rome - the Pope who blessed Rome and the world that day on the morning of Easter.

Allow me to continue that same blessing. God loves us, all of us, evil will not prevail. We are all in the hands of God. Without fear, united, hand in hand with God and among ourselves, we will go forward. We are disciples of Christ, Christ goes before us, and the world needs his light. Humanity needs him like a bridge to reach God and his love. You help us to build bridges with dialogue and encounter so we can all be one people always in peace.

Thank you Pope Francis.

Thank you to my cardinal brothers who chose me to be the successor of Peter and to walk together with you as a united Church searching all together for peace and justice, working together as women and men, faithful to Jesus Christ without fear, proclaiming Christ, to be missionaries, faithful to the gospel.

I am a son of Saint Augustine, an Augustinian. He said, “with you I am a Christian, for you a bishop”. So may we all walk together towards that homeland that God has prepared for us.

To the Church of Rome, a special greeting:

We have to look together how to be a missionary Church, building bridges, dialogue, always open to receiving with open arms for everyone, like this square, open to all, to all who need our charity, our presence, dialogue, love.

(Speaking in Spanish)

Hello to all and especially to those of my diocese of Chiclayo in Peru, a loyal, faithful people accompanying the bishop and helping the bishop.

(Returning to Italian)

To all you brothers and sisters of Rome, Italy, of all the world, we want to be a synodal church, walking and always seeking peace, charity, closeness, especially to those who are suffering.

Today is the day of the prayer of Supplication to Our Lady of Pompeii.

Our blessed mother Mary always wants to walk with us, be close to us, she always wants to help us with her intercession and her love. So let us pray together for this mission, and for all of the Church, and for peace in the world.

We ask for this special grace from Mary, our mother.

Hail Mary, full of grace, our Lord is with thee. Blessed art thou among women and blessed is the fruit of thy womb, Jesus. Holy Mary, mother of God, pray for us sinners now and at the hour of our death. Amen.

# ക്രിസ്തു ജൂബിലി 2025

♦ "കുരിശ് യാത്ര"

ഈശോയുടെ ജൂബിലി വർഷത്തോടനുബന്ധിച്ചുള്ള കുരിശ് പ്രയാണത്തിന് സിദ്ദാപ്പുര (കൊടഗു), കുട്ട്രുപ്പാടി ഫൊറോനാകളിൽ ഉജ്ജ്വല സ്വീകരണം. മെയ് 4 ന് സിദ്ദാപ്പുര (കൊടഗു) ഫൊറോനാ പള്ളിയിൽ കുരിശ് പ്രയാണത്തിന് തുടക്കം കുറിച്ചു. പെരിയ ബഹു. ദേവസി വടക്കേവീട്ടിൽ അച്ചനും, ഇടവകാംഗങ്ങളും ചേർന്ന് കുരിശ് സ്വീകരിക്കുകയും സിദ്ദാപ്പുര പള്ളിയിൽ സ്ഥാപിക്കുകയും ചെയ്തു. തുടർന്ന് മെയ് 11 മുതൽ 17 വരെ ഹൊസ്ക്കൊട്ടെ ഇടവകയിൽ കുരിശ് പ്രയാണത്തിന് തുടക്കം കുറിച്ചു. വികാരി ബഹു. സെബാസ്റ്റ്യൻ പൂവത്തിങ്കൽ അച്ചനും, ഇടവകാംഗങ്ങളും ചേർന്ന് കുരിശ് സ്വീകരിക്കുകയും ഹൊസ്ക്കൊട്ടെ ഇടവകയിൽ സ്ഥാപിക്കുകയും ചെയ്തു. തുടർന്ന് മെയ് 18 മുതൽ 24 വരെ ബാനവാറാ ഇടവകയിൽ കുരിശ് പ്രയാണത്തിന് തുടക്കം കുറിച്ചു. വികാരി ബഹു. അബ്രഹം വടക്കേമുറിയിൽ അച്ചനും, ഇടവകാംഗങ്ങളും ചേർന്ന് കുരിശ് സ്വീകരിക്കുകയും ബാനവാറാ ഇടവകയിൽ സ്ഥാപിക്കുകയും ചെയ്തു. തുടർന്ന് മെയ് 25 മുതൽ 31 വരെ സംപാജെ ഇടവകയിൽ കുരിശ് പ്രയാണത്തിന് തുടക്കം കുറിച്ചു. വികാരി ബഹു. പൗലോസ് കൊച്ചുപുത്തൻപുരയ്ക്കൽ അച്ചനും, ഇടവകാംഗങ്ങളും ചേർന്ന് കുരിശ് സ്വീകരിക്കുകയും സംപാജെ ഇടവകയിൽ സ്ഥാപിക്കുകയും ചെയ്തു. ഈ ദിവസങ്ങളിൽ ദേവാലയങ്ങളിൽ വെള്ളിയാഴ്ച്ചയും, ഞായറാഴ്ച്ചയും കുരിശിന്റെ വഴി നടത്തുകയും, കുരിശിന്റെ പ്രാധാന്യത്തെക്കുറിച്ച് ബഹു. വികാരിമാർ പഠിപ്പിക്കുകയും ചെയ്തു. ഈ ഇടവകകളിൽ ഉള്ള എല്ലാ ഭവനങ്ങളിലും വിശുദ്ധ കുരിശിനെ ഭക്തിയോടെ സ്വീകരിക്കുകയും, ബഹുമാനപ്പെട്ട വികാരിയച്ചന്മാർ നിർദ്ദേശിക്കുന്ന കാര്യങ്ങൾ ചെയ്തു വരികയും ചെയ്യുന്നു.

**Fr. Lawrence Poonolil**
Chancellor

# രൂപതാകാര്യാലയം

♦ **Pope's Monthly Intention for June - 2025**

ലോകം അനുകമ്പയിൽ വളരുന്നതിനുവേണ്ടി :

യേശുവുമായുള്ള വ്യക്തിബന്ധത്തിൽ സമാശ്വാസം കണ്ടെത്താനും ലോകത്തോട് അനുകമ്പയുള്ളവരാകാൻ നാം അവനിൽ നിന്നു പഠിക്കുന്നതിനും വേണ്ടി നമുക്കു പ്രാർത്ഥിക്കാം.

♦ **Let us Pray for Rev. Fathers :**

Prayerful Greetings to Very Rev. & Rev. Fathers

***Feast day*** **: June 29**

Paulose Kochuputhenpurackal

***Birth day*** **:**

| | |
|---|---|
| Joseph Puthusserry | 13 |
| Varkey Malikayil | 16 |
| Augustine Pottamkulamgara | 20 |
| William Thadathanayil | 21 |

♦ **Transfer & Appointments of Rev. Fathers (2025 May)** :

**(w.e.f.-18. 5. 2025)**

| Names & Surname | Parish | Designation |
|---|---|---|
| 1. Rev. Fr. Cheriapally Cyril | Shirady | Vicar |
| 2. Rev. Fr. Cheeran Joseph (w.e.f.-1.6. 2025) | Moorje | Priest-In-charge |
| 3. Rev. Fr. Kacholakalayil Thomas OFM Cap., | Return to the Congregation (w. e. f.-28. 5. 2025) | |
| 4. Rev. Fr. Kezhakkethazhe Joseph | Kalmakki, Maddiodi & Shirur | Asst. Vicar |
| | Kundapura | Asst.Priest - In-Charge |
| | Byndoor Farm | Asst. Manager |

| | | |
|---|---|---|
| 5. Rev. Fr. Kolakunnel Varghese | Minor Seminary, Puttur, | Vice-Rector Spiritual Father, Procurator, Vocation Promoter |
| 6. Rev. Fr. Manappattu Mathew | Thotathady and Kanchal | Asst. Vicar |
| 7. Rev. Fr. Menacherry Rocky | Medical Leave | |
| 8. Rev. Fr. Odampally Francis | Addahole | Vicar |
| 9. Very Rev. Fr. Pampackal Joseph | Jadkal | Forane Vicar |
| 10. Rev. Fr. Poovathingal Sebastian | Kalanja & Battiyal | Vicar |
| 11. Rev. Fr. Poothakkuzhiyil Joseph | Byndoor Farm | Manager |
| | Kalmakki, Maddiodi & Shirur | Vicar |
| | Kundapura | Priest - In-Charge |
| 12. Rev. Fr. Pudhiyakunnel Christin | Devagiri | Vicar |
| 13. Rev. Fr. Thadathanayil William | Gandibagilu | Asst. Vicar |
| 14. Rev. Fr. Theruvanmoola Mathew CMF | Bangady : HighSchool | Head Master |
| 15. Rev. Fr. Valiaparambil Joseph (Jr.,) | Kankanady & Kattippalla Thokkottu & Mukka | Asst. Vicar |
| 16. Very Rev. Fr. Valookaran Joseph | Forane Vicar | Dharmasthala |
| 17. Rev. Fr. Veluthedathparambil Mani | Vicar | Hoskotte & Murnad |

## ♦ Diocesan Pastoral Council Members 2024-2027:

### I. Ex-officio Members

1. Mar Lawrence Mukkuzhy : President
2. Msgr. Joseph Valiaparambil : Vice President (Vicar General)
3. Rev. Fr. Lawrence Poonolil : Chancellor
4. Rev. Fr. Kuriakose Vettuvazhy : Judicial Vicar
5. Rev. Fr. Abraham Patteril : Finance Officer
6. Rev. Fr. Joseph Mattam : Director, Pastoral Centre
7. Rev. Fr. Joseph Kelamparambil : Rector, Minor Seminary
8. Rev. Fr. Varkey Malikayil : Commission Secretary for Social Concerns
9. Rev. Fr. Thomas Pullatt : Commission Secretary for Youth & Family

10. Rev. Fr. Mathew Vettamthadathil : Commission Secretary for Education

11. Rev. Fr. Mathew Thazhekkattil : Commission Secretary for Media & PRO

**II. Elected Members**

**Belthangady Forane**

12. Rev. Fr. Thomas Kannamkal (Cathedral Vicar) (9448454673)
13. Rev. Sebastian Chelakapally, Bangady (Priests' Representative) (9480160760)
14. Mr. Sinu Abraham Kumblanickal, Belthangady (9845804598)
15. Mr. Prof. Mathew Nellamkuzhy, Moorje (9449807016)
16. Mrs. Mini Tomy Nirappell, Navoor (8748942893)

**Dharmasthala Forane**

17. Rev. Fr. Joseph Valookaran (Forane Vicar) (9113245769)
18. Rev. Fr. Sebastian Poovathingal (Priest Representative) (9380681960)
19. Mr. Mani Veluthedathparambil, Dharmasthala (9448928380, 9880199419)
20. Mr. Jaison Patteriyil, Battiyal (9686231897)
21. Mrs. Sherina Joseph Pelathery, Bolminar (9880049047)

**Jadkal Forane**

22. Rev. Fr. Joseph Pampackal (Jadkal, Forane Vicar) (9480989248)
23. Rev. Fr. Joseph Poothakkuzhiyil, Kalmakki (Priests' Representative) (9483477333)
24. Mr. Appachan Kuriath, Mudur (7259165676)
25. Mr. Binoy Pullatt, Shirur (9480531500)
26. Mrs. Cicily Johnson Muttamthottil, Jadkal (9880145203)

**Kutrupady Forane**

27. Rev. Fr. Varghese Puthiyedath (Kutrupady, Forane Vicar) (9448150181)
28. Rev. Fr. Joseph Puthiyedath, Guthigar, (Priests' Representative) (9740609128)
29. Mr. George Kannachal, Guthigar (9480056261)
30. Mr. Varghese Kaipana, Kutrupady (7483938300)
31. Mrs. Philomena Puthenpurayil, Kutrupady (9164565434)

**Mangalore Forane**

32. Rev. Fr. Augustine Pottamkulangara (Mangalore, Forane Vicar) (9740738971)
33. Rev. Fr. Joseph Kurialassery, Manipal (Priests' Representative) (9740609128)
34. Mr. Sunny Edassey, Kattippalla (9243300459)
35. Mr. Biju Thottakara, Kankanady (6364324740)
36. Mrs. Mary John Vettamthadathil (9449322633)

**Siddapura (Kodagu) Forane**

37. Rev. Fr. Devasia Vadakkeveetil (Siddapura, Kodagu, Forane Vicar) (9448843992)
38. Rev. Fr. Abraham Vadakkemuriyil, Banavara (Priests' Representative) (94881832423)
39. Mr. Varghese Pallattu, Gonikoppal (9448000409)
40. Mr. Joshy Antony Chiriyankandahil, Siddapura (8762345674)
41. Mrs. Sini Kunnate, Murnad (9901662521)

**Thotathady Forane**

42. Rev. Fr. Devasia Poovathingal (Forane Vicar) (9481754614)
43. Rev. Fr. Thomas Puthiyara, Mundaje (Priests' Representative) (9480528966)
44. Mr. Shaji Thoppil, Thotathady (9972471692)
45. Mr. Vincent Vaipana, Mundaje (9448437789)
46. Mrs.Usha Naduvathett, Devagiri (8971389334)

**Udane Forane**

47. Rev. Fr. Thomas Panachickal (Forane Vicar) (9448870343)
48. Rev. Fr. Francis Odampally (Priests' Representative) (7975014747)
49. Mr. Jinoy George Mythottathil, Nellyady (8861830279)
50. Mr. Chacko Parackal, Udane (9845517099)
51. Mrs. Daisey Joy Vazhakala, Nellyady (9611389362)

**Bajagoli Region**

52. Rev. Fr. Thomas Parekattil (Regional Vicar) (9481842740)
53. Rev. Fr. Devasia Paikatt, Hebri (Priests' Representative) (9008046824)

54. Mr. Jibin Azhikannickal, Kuthloor (9740085071)
55. Mr. Byju Vettikattu, Mala-Chowki (9585215431)
56. Mrs. Jilsy Dias Ezhaparambil, Bajagoli (8970348040)

**III. Representatives of Religious**

57. Rev. Fr. Tom Kunnampurath CMI, Kakkinje (8281631608)
58. Rev. Sr. Ruby Thomas DSHJ, DSHJ Provincial Superior (9526996002)
59. Rev. Sr. Daisey Thomas FCC, FCC Regional Superior (9880419797)
60. Rev. Sr. Liss Mathew SH, SH Regional Superior (9731780989)
61. Rev. Sr. Anceena SABS, SABS Convent, Belthangady (9605531325)
62. Rev. Sr. Elsy MSMI, MSMI Convent, Belthangady (7304209713)
63. Rev. Sr. Merit SD, SD Convent, Belthangady (9496246262)

**IV. Representatives - Associations**

64. Mr. Bitty Nedunilam (President, KSMCA) (9448012462)
65. Master Sirin Pallichira (President, SMYM) (8197828869)
66. Mr. Binoy Mevada, Puttur (" , St. V.D.P. Society) (9620570546)
67. Mrs. Mercy Chacko Kadasheril (", Mathruvedi) (8217892988)

**V. Nominated Members**

68. Rev. Sr. Dr. Reshmi CMC, Dharmasthala (9741015860)
69. Mr. George Pazhayattil, Mangalore (9845144579)
70. Adv. Dr. Xaviour Paleli, Navoor (9448429148)
71. Mrs. Ammi Kongampuzha, Belthangady (8971332733)
72. Mr. Tomy Vypana, Gandibagilu (9739165525)
73. Mr. Reji George Valiyaonath, Belthangady (9900951697)
74. Mr. Joseph VG, CA (7259588807)
75. Dr. Angel Treasa Alex, Chakuvail, Manipal (9880268974)
76. Mr. Jayesh Sebastian, Mangalore (8792062111)
77. Mr. Alwyn Kochupurackal, Venur (9632448882)
78. Mrs. Jecintha Puthenpura, Nellyady (9449165792)
79. Mrs. Elizabeth Embrandivayalil, Udane (9481377088)
80. Mrs. Solly Thaliyath, Ujire (9449746509, 9902332137)
81. Mrs. Supriya Poovathingal, Thotathady (9663110001)
82. Mr. Johnson Puthussery, Kanchal (9008457397)

- ♦ **Inter - Commission Meeting :**

2025 ജൂൺ 26 ന് രൂപതയിൽ പ്രവർത്തിക്കുന്ന, വിവിധ കമ്മീഷനുകളുടെ ഉത്തരവാദിത്വം വഹിക്കുന്ന ബഹുമാനപ്പെട്ട വൈദികരുടെ സമ്മേളനം അഭി. പിതാവിന്റെ അധ്യക്ഷതയിൽ ജ്ഞാനനിലയത്തിൽവച്ച് നടക്കുന്നതാണ്. രൂപതയിൽ പ്രവർത്തിക്കുന്ന, വിവിധ കമ്മീഷനുകളുടെ ഉത്തരവാദിത്വം വഹിക്കുന്ന ബഹുമാനപ്പെട്ട വൈദികരെല്ലാവരും അതിൽ പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

- ♦ **പ്രാർത്ഥനാംശംസകൾ**

**കപ്പൂച്ചിൻ സന്യാസ** സമുഹത്തിന്റെ കണ്ണൂർ പാവനത്മ പ്രോവിൻസിന്റെ പുതിയ പ്രോവിൻഷ്യൽ സുപ്പിരീയറായി തിരഞ്ഞെടുക്കപ്പെട്ട പെരിയ ബഹു. മങ്ങാട്ടിൽ വിനോദ് അച്ചനും ടീം അംഗങ്ങൾക്കും പ്രാർത്ഥനാശംസകൾ.

**എം. സി. ബി. എസ്. സന്യാസ** സമൂഹത്തിന്റെ കോഴിക്കൊട് സീയോൻ പ്രോവിൻസിന്റെ പുതിയ പ്രോവിൻഷ്യൽ സുപ്പിരിയർ ആയി തിരഞ്ഞെടുക്കപ്പെട്ട പെരിയ ബഹു. തെക്കേമുറിയിൽ മാത്യു അച്ചനും ടീം അംഗങ്ങൾക്കും പ്രാർത്ഥനാശംസകൾ.

- ♦ **അനുമോദനംങ്ങൾ**

ബേംഗളുരു മോൺഫോർട്ട് ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും സൈക്കോളജി കൗൺസിലിംഗിൽ ഉപരി പഠനം പൂർത്തിയാക്കിയ ബഹു. ജോസഫ് ചീരനച്ചൻ രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

- ♦ **രൂപതാ അജപാലന സമിതി സമ്മേളനം:**

2025 ജൂൺ 7 തിയ്യതി ജ്ഞാനനിലയത്തിൽ വച്ച് 40-ാം രൂപതാ അജപാലന സമിതി സമ്മേളനം നടക്കുന്നതാണ്. രൂപതയിലെ അജപാലന സമിതി അംഗങ്ങൾ പ്രസ്തുത സമ്മേളനത്തിൽ പങ്കെടുക്കുമല്ലൊ.

- ♦ **വൈദികരുടെ റിഫ്രെഷർ കോഴ്സ്** :

രൂപതയിൽ ശുശ്രൂഷ ചെയ്യുന്ന മുഴുവൻ വൈദികർക്കുമായി 2025 ജൂൺ മാസം 16-ാം തിയതി വൈകുന്നേരം 6 മണിമുതൽ 18-ാം തിയതി ഉച്ചയ്ക്ക് 1 മണിവരെ വൈദികരുടെ റിഫ്രെഷർ കോഴ്സ് ജ്ഞാനനിലയത്തിൽ വച്ച് നടക്കുന്നതാണ്. രൂപതയിലെ ബഹു. വൈദികർ പ്രസ്തുത കോഴ്സിൽ പങ്കെടുക്കുമല്ലൊ.

♦ **ഹൃദ്യമായ സ്വാഗതം, നന്ദിയുടെ നറുമലരുകൾ:**

ബംഗാഡി മരിയാംബിക സ്കൂളിന്റെ ഹെഡ്മാസ്റ്ററായി ശുശ്രൂഷയ്ക്കായ് എത്തിയിരിക്കുന്ന സി.എം.എഫ്. ബേംഗളൂരു പ്രോവിൻസ് സഭാംഗവും, കൂട്രൂപ്പാടി ഇടവകാംഗവുമായ ബഹു. മാത്യു തേരുവൻമൂല അച്ചന് രൂപതയിലേയ്ക്ക് സ്വാഗതവും പുതിയ സേവന രംഗങ്ങളിൽ ദൈവാനുഗ്രഹവും വിജയങ്ങളും നേരുകയും ചെയ്യുന്നു.

ബിഷപ്സ് ഹൗസിൽ പുതിയതായി ഹൗസ്മാനേജർ ആയി സേവനത്തിനായി കടന്നുവന്നിരിക്കുന്ന ബഹു. ശാലിന് എം. എസ്. എം. ഐ. ക്കും, രൂപതാ പ്രൊക്യുറേറ്റർ ഓഫീസിലേയ്ക്ക് പുതിയതായി സേവനത്തിനായ് കടന്നു വന്നിരിക്കുന്ന ബഹു. സിസ്റ്റർ ലില്ലി എസ്.എ.ബി.എസ്. നും, രൂപതയുടെ വിശ്വാസപരിശീലനത്തിന്റെയും ചെറുപുഷ്പമിഷൻലീഗിന്റെയും കേന്ദ്ര കാര്യാലയത്തിൽ (ജ്ഞാനനിലയ) സേവനത്തിനായ് കടന്നു വന്നിരിക്കുന്ന ബഹു. സിസ്റ്റർ പാവന എഫ്. സി. സി. ക്കും, സ്വാഗതം ആശംസിക്കുന്നതോടൊപ്പം പുതിയ പ്രവർത്തന മേഖലകളിൽ എല്ലാവിധ വിജയങ്ങളും നേരുന്നു!

കപ്പൂച്ചിൻ സന്യാസ സമൂഹത്തിൽ നിന്നു രൂപതയിൽ സേവനത്തിനായി കടന്നുവന്ന്, ഉദനെ, അറസിനമക്കി എന്നീ ഇടവകകളിൽ കഴിഞ്ഞ 6 മാസക്കാലം അസിസ്തേന്തിയായി സ്തുത്യർഹമായി സേവനം ചെയ്ത് പ്രോവിൻസിലേക്ക് തിരിച്ചുപോയ ബഹു. ബഹു. തോമസ് കച്ചോലകാലായിൽ അച്ചനും, ബിഷപ്സ് ഹൗസിൽ മൂന്ന് വർഷകാലം ഹൗസ്മാനേജർ ആയി സേവനം ചെയ്തിരുന്ന ബഹു. ലിൻസാ എഫ്.സി.സി.ക്കും, രൂപതാ പ്രൊക്യറേറ്റർ ഓഫീസിൽ 2 വർഷക്കാലം സേവനംചെയ്ത ബഹു. സിസ്റ്റർ ജോസ്ലിൻ എസ്.എ. ബി. എസ്. നും, രുപതയുടെ അജപാലന കേന്ദ്രത്തിൽ (ജ്ഞാനനിലയ) ഒരു വർഷക്കാലം ഹൗസ്മാനേജർ ആയി സേവനം ചെയ്തിരുന്ന ബഹു. സിസ്റ്റർ എൽസി ആന്റണി സി.എം.സി.ക്കും നന്ദിയും പ്രാർത്ഥനാമംഗളങ്ങളും പുതിയ പ്രവർത്തന മേഖലകളിൽ എല്ലാ വിധ വിജയങ്ങളും നേരുന്നു.

♦ **പാസ്റ്ററൽ കൗൺസിൽ കേന്ദ്ര സമിതി യോഗം**

2025 മെയ് 31-ാം തിയതി അഭി. പിതാവിന്റെ അധ്യക്ഷതയിൽ രൂപതാ അജപാലന കേന്ദ്ര സമിതി യോഗം നടന്നു.

♦ **ബജഗോളി റീജിയൻ**

ബെൽത്തംഗഡി, ജഡ്ക്കൽ ഫൊറോനകളിലെ വിശ്വാസികളുടെ അജപാലന ശുശ്രൂഷ കൂടുതൽ ഫലപ്രദമാക്കുന്നതിനായി വിവിധ കാനോനിക സമിതികളിൽ ആലോചിച്ചതിന്റെ വെളിച്ചത്തിൽ ബജഗോളി സെന്റ് തോമസ് ഇടവക കേന്ദ്രമാക്കി പുതുതായി ''ബജഗോളി റീജിയനെ'' അഭി. മാർ ലോറൻസ് മുക്കുഴി പിതാവ് രൂപികരിച്ചു. ബജഗോളി, അജെക്കാർ, കുത്തല്ലൂർ, കെർവ്വാശെ, ഹെബ്രി, മാളചൗക്കി, മൺട്രാഡി എന്നി ഇടവകകളും, ഹൈകാടി മാസ് സെന്ററും പുതുതായി രൂപപ്പെടുന്ന ബജഗോളി റീജിയനിൽ ഉൾപ്പെടുന്നതായിരിക്കും. ബജഗോളി റീജിയന്റെ റീജിയനൽ വികാരിയായി ഇപ്പോൾ ബജഗോളി സെന്റ് തോമസ് പള്ളിയുടെ വികാരിയായിരിക്കുന്ന പെരിയ ബഹുമാനപ്പെട്ട പാറേക്കാട്ടിൽ തോമസ് അച്ചനെ ഇതിനാൽ അഭി. പിതാവ് നിയമിച്ചിരിക്കുന്നു. 2025 മെയ് മാസം 18-ാം തിയതി മുതൽ ഇത് പ്രാബല്യത്തിൽ വന്നു. പുതിയ റീജിയന്റെ ബഹുമാനപ്പെട്ട വികാരിയച്ചനും, വൈദികർക്കും, സിസ്റ്റേഴ്സിനും, വിശ്വാസികൾക്കും ദൈവാനുഗ്രഹം സമൃദ്ധമായി ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

♦ **New Phone Number of Rev. Fathers**:

Rev. Fr. Mathew Theruvumoola CMF **:** 9448240665

♦ **New Address**:

Rev. Fr. Mathew Theruvanmoola CMF
Head Master,
Mariambika Eng.Med. School, Bangady
Bangady P.O., Belthangady Tq., D.K.,
Karnataka -574 214

♦ **ആദരാഞ്ജലികൾ**

**ശ്രീ ജോസ് തെറ്റയിൽ** : ബഹു. സി. റിയ എഫ്. സി. സി. യുടെ പ്രിയപ്പെട്ട പിതാവ് ശ്രീ ജോസ് തെറ്റയിൽ 2025 മെയ് 22-ാം തീയതി നിര്യാതനായി. മൃതസംസ്കാര ശുശ്രൂഷകൾ മെയ് 24ന് ഉജിറെ സെന്റ് ജോർജ്ജ് ദേവാലയ സിമിത്തേരിയിൽ വച്ച് നടന്നു. പ്രിയപ്പെട്ട

പിതാവിന്റെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. റിയ സിസ്റ്ററിനും, കുടുംബാംഗങ്ങൾക്കും രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നതോടൊപ്പം പരേതന്റെ ആത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

**ശ്രീ ഷാജു പുതുശ്ശേരി** : ബഹു. സി. റാണിറ്റ എസ്. എ. ബി. എസ് ന്റെ പ്രിയപ്പെട്ട സഹോദരൻ ശ്രീ ഷാജു പുതുശ്ശേരി 2025 മെയ് 26–ാം തീയതി നിര്യാതനായി. മൃതസംസ്കാര ശുശ്രൂഷകൾ മെയ് 27ന് എൻ. ആർ. പുര ലിറ്റിൽ ഫ്ളവർ ദേവാലയ സിമിത്തേരിയിൽ വച്ച് നടന്നു. പ്രിയപ്പെട്ട സഹോദരന്റെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. റാണിറ്റ സിസ്റ്ററിനും, കുടുംബാംഗങ്ങൾക്കും രൂപതാ കുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നതോടൊപ്പം പരേതന്റെ ആത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

- **Special Collections : Peter's Pence - 22rd June 2025**

**Fr. Lawrence Poonolil**
Chancellor

## SSLC Result: Academic Year 2024-2025

*Congratulations and Best wishes for your next Adventure !!!!*

| Place | Name of the School | Students | Distinction | I Class | II Class | III Class | % | Top Mark |
|---|---|---|---|---|---|---|---|---|
| Bajagoli | Sacred Heart | 54 | 32 | 20 | 01 | 01 | 100 | 616 |
| Bangady | Mariambika | 25 | 13 | 12 | - | - | 100 | 608 |
| Gandibagilu | St. Thomas | 36 | 02 | 15 | 10 | 01 | 78 | 553 |
| Gonikoppal | St. Thomas | 72 | 8 | 41 | 15 | | 85 | 597 |
| Guthigar | St. Chavara | 23 | 14 | 08 | 01 | - | 100 | 624 |
| Kalenja | Divya Jyothi | 29 | 9 | 17 | 1 | 1 | 89 | 617 |
| Kokkada | St. Francis | 27 | 7 | 20 | | | 100 | 610 |
| Laila | St. Mary's | 92 | 53 | 38 | 1 | - | 100 | 624 |
| Mudur | Bharatha Matha | 16 | 4 | 9 | 2 | 1 | 94 | 587 |
| Mundaje | Christ | 12 | 6 | 6 | - | - | 100 | 90% |
| Shanivarasanthe | Sacred Heart | 109 | 39 | 60 | 06 | 2 | 90 | 615 |
| Thotathady | St.Savio | 69 | 39 | 28 | 02 | - | 100 | 621 |

# BAJAGOLI REGION
# DECREE

Whereas the Diocese of Belthangady, for Pastoral efficiency, is divided into eight Foranes. Out of these, The Belthangady Forane is very large, in terms of its geography and number of Parishes. Therefore, it has become imperative to take appropriate decision for better Pastoral functioning. Hence the following Decree.

Whereas the Parishes of Belthangady, Ajekar, Bajagoli, Bangady, Kervashe, Kuthlur Mala-Chowki, Mantrady, Moorje, Navoor, Shirlal and Venur come under the Belthangady Forane, the Parish of Ajekar which comes under Belthangady Forane and Hebri which comes under Jadkal Forane are shepherded by one Priest; this causes great inconvenience for the Parish Priest and the Forane Vicars. Also, the Parishes of Ajekar, Kervashe, Mala-Chowki, Bajagoli, Mantrady and Kuthlur fall well in one line due to geographical proximity.

Considering the above situation, the Parishes of Ajekar, Bajagoli, Kervashe, Kuthlur, Hebri, Mala-Chowki, Mantrady, and the Mass Centre at Haikady are grouped together and a New Region is formed with its centre at Bajagoli. Hereafter these Parishes will belong to one Region by name "**Region of Bajagoli".** Very Rev. Fr. Thomas Parekkattil, the present Parish Priest of Bajagoli is hereby appointed Regional Director. All the Clergy, Religious and the Faithful shall follow this provision. This new Provision will come into force from the 18th May 2025.

All contrary dispositions notwithstanding.

Given from the Diocesan Curia on the First Day of the Month of May of the Year Two Thousand Twenty Five.

Fr. Lawrence Poonolil,
Chancellor

\+ Lawrence Mukkuzhy,
Bishop of Belthangady

# വിശ്വാസപരിശീലനരംഗം

**"യേശു അവനോട് പറഞ്ഞു സത്യം സത്യമായി ഞാൻ നിന്നോട് പറയുന്നു, വീണ്ടും ജനിക്കുന്നില്ലെങ്കിൽ ഒരുവന് ദൈവരാജ്യം കാണാൻ കഴിയുകയില്ല" - യോഹ 3:3.**

## മതബോധന ഞായർ

ജൂൺ ഒന്നാം തീയതിമുതൽ ഒരു പുതിയ അധ്യയന വർഷത്തിലേക്ക് നമ്മൾ പ്രവേശിച്ചിരിക്കുന്നു. ഈ വർഷം അനുഗ്രഹത്തിന്റെ വർഷമായി തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു. കർത്താവിനെ അറിഞ്ഞ് സ്നേഹിച്ച് സാക്ഷ്യപ്പെടുത്താൻ നമ്മൾ പ്രാപ്തരാകട്ടെ എന്ന് ആശംസിക്കുന്നു.

കുട്ടികളും വിശ്വാസ പരിശീലകരും ഒരുക്കത്തോടുകൂടി ഈ അധ്യയന വർഷത്തിലേക്ക് പ്രവേശിക്കണം. ആദ്യമായി വിശ്വാസ പരിശീലനത്തിന് വരുന്ന കുട്ടികളെ സ്വീകരിക്കാൻ ഒരുക്കങ്ങൾ നടത്തണം.

## പ്രധാന അധ്യാപകരുടെ വാർഷിക സമ്മേളനം

മെയ് പത്താം തീയതി രൂപതയിലെ വിശ്വാസ പരിശീലന പ്രധാന അധ്യാപകരുടെ വാർഷിക സമ്മേളനം ജ്ഞാനനിലയത്തിൽ വച്ച് നടത്തപ്പെട്ടു. രാവിലെ പത്തരയ്ക്ക് ഉദ്ഘാടന ചടങ്ങോടുകൂടി ആരംഭിച്ച ഈ സമ്മേളനം ഉച്ചയ്ക്ക് രണ്ടുമണിയോടെ അവസാനിച്ചു. 38 പ്രധാന അധ്യാപകരും കോർ റ്റീം അംഗങ്ങളും ഈ സമ്മേളനത്തിൽ പങ്കെടുത്തു. ഡയറക്ടർ ബ. ജോസഫ് മറ്റത്തിൽ അച്ചൻ എല്ലാവരെയും സ്വാഗതം ചെയ്തു. അഭിവന്ദ്യ ലോറൻസ് മുക്കുഴി പിതാവ് ദീപം തെളിയിച്ചു സമ്മേളനം ഉദ്ഘാടനം ചെയ്തു. സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്ര സുന്ദരം (റോമാ 10:15) എന്ന വചനം ഉദ്ധരിച്ചുകൊണ്ട് പിതാവ് സംസാരിച്ചു. വിശ്വാസ പരിശീലനവും സുവിശേഷ പ്രഘോഷണമാണ്, സഭ അസ്ഥിത്വത്തിൽ ഉള്ളത് സുവിശേഷപ്രഘോഷണം നിമിത്തമാണ് എന്ന് അഭി. പിതാവ് തന്റെ ഉദ്ഘാടനപ്രസംഗത്തിൽ പറഞ്ഞു. വിശ്വാസ പരിശീലനത്തിന്റെ ഫലമാണ് വിശ്വാസത്തിൽ ആഴപ്പെടുന്നതും ക്രൈസ്തവ ജീവിതത്തിന് അർത്ഥം ലഭിക്കുന്നതും വിശുദ്ധ കുർബാനയിൽ സജീവമായി

പങ്കെടുക്കാൻ സാധിക്കുന്നതും എന്ന് പിതാവ് തന്റെ സന്ദേശത്തിൽ അറിയിച്ചു.

സിസ്റ്റർ പാവന എഫ്സിസി റിപ്പോർട്ട് അവതരിപ്പിച്ചു. റിപ്പോർട്ട് വിലയിരുത്തി പാസാക്കി. മോൻസിഞ്ഞൂർ ജോസ് വലിയപറമ്പിൽ സന്ദേശം നൽകി. നമ്മുടെ വിശ്വാസ ജീവിതം കണ്ട് കുട്ടികളിൽ വിശ്വാസം വർധിക്കണം എന്നും വിശ്വാസസംബന്ധമായ കാര്യങ്ങൾ ബുദ്ധികൊണ്ട് മനസ്സിലാക്കിയാൽ പോരാ, ഹൃദയത്തിൽ സ്വീകരിക്കണമെന്നും ജനറാളച്ചൻ തന്റെ പ്രസംഗത്തിൽ അറിയിച്ചു. ഈ കാലഘട്ടത്തിൽ നേരിടുന്ന പ്രതിസന്ധികളെ അതിജീവിക്കത്തക്ക വിശ്വാസപരിശീലനം നൽകണമെന്ന് അച്ചൻ അറിയിച്ചു. മിഷൻ ക്വസ്റ്റിൽ സമ്മാനാർഹരായവർക്ക് സമ്മാങ്ങൾ നൽകി. ജയ്സൻ വെർണൂർ എല്ലാവർക്കും നന്ദി അറിയിച്ചു. തുടർന്ന് അടുത്ത അധ്യയന വർഷത്തിനു വേണ്ടിയുള്ള കാര്യപരിപാടികളെക്കുറിച്ച് ചർച്ചകൾ നടത്തി. അതിൽനിന്നും ഉരുത്തിരിഞ്ഞ **നിർദേശങ്ങൾ** താഴെ ചേർക്കുന്നു.

1. **ഒന്നാം ക്ലാസ്:** സ്കൂളിൽ ഒന്നാം ക്ലാസിൽ പഠിക്കുന്ന കുട്ടികളെ വിശ്വാസ പരിശീലന ഒന്നാം ക്ലാസിൽ ചേർത്താൽ മതി എന്നും എൽ.കെ.ജി., യു.കെ.ജി. കുട്ടികൾ ബൈബിൾ നഴ്സറിയിൽ പഠിക്കട്ടെ എന്നും അഭിപ്രായപ്പെട്ടു.

2. **സെമസ്റ്റർ പദ്ധതി:** സെമസ്റ്റർ പദ്ധതി നല്ലതാണെന്നും അതുതന്നെ തുടർന്നാൽ മതിയെന്നും അഭിപ്രായപ്പെട്ടു.

3. **ഓറൽ ചോദ്യങ്ങൾ:** ചോദിക്കുകയോ എഴുതിക്കുകയോ ചെയ്യാം. അത് അധ്യാപകരുടെ വിവേചനത്തിന് വിട്ടതാണ്.

4. **ഇൻവിജിലേറ്റർസ്:** ഒന്നും രണ്ടും സെമസ്റ്റർ പരീക്ഷകൾക്ക് ഇൻവിജിലേറ്ററിനെ ഫൊറോനതലത്തിൽ നിയമിക്കണം എന്ന് നിർദേ ശിച്ചു.

5. **വിശ്വാസപരിശീലന മണിക്കൂർ:** വിശ്വാസപരിശീലന മണിക്കൂർ, വിശ്വാസ പരിശീലന വാരം എന്നിവ എല്ലാവരും നടത്തുകയും കുട്ടികൾക്ക് പഠിക്കാനും റിവിഷൻ ചെയ്യാനും അവസരം ഒരുക്കി കൊടുക്കുകയും ചെയ്യണം.

**7. വിശുദ്ധർ:** വർഷത്തിൽ രണ്ട് വിശുദ്ധരെ കുറിച്ച് പഠിച്ചാൽ മതി എന്ന് അഭിപ്രായപ്പെട്ടു.

**8. ജ്ഞാന സന്ദേശ ബൈബിൾ ക്വിസ്:** ഈ പ്രാവശ്യം വിശുദ്ധ യോഹന്നാൻ അറിയിച്ച സുവിശേഷമാണ് പഠിക്കേണ്ടത്. സുവിശേഷം മാത്രം മതി, നോട്ട്സ് വേണ്ട എന്ന് അഭിപ്രായം ഉണ്ടായി. ജൂനിയർ കുട്ടികൾക്ക് പഠിക്കാനുള്ള വചനങ്ങൾ തിരഞ്ഞെടുത്തു നൽകുന്നത് നല്ലതാണ് എന്ന് അഭിപ്രായപ്പെട്ടു.

**9. ഡിജിറ്റൽ ഫാസ്റ്റിംഗ്:** ഡിജിറ്റൽ ഫാസ്റ്റിംഗിനെ കുറിച്ച് ചർച്ച നടത്തി. തിങ്കളാഴ്ച മുതൽ വെള്ളിയാഴ്ച വരെ വൈകുന്നേരം ഏഴുമണിമുതൽ എട്ടുമണിവരെ ഒരു മണിക്കൂർ ഡിജിറ്റൽ ഫാസ്റ്റിംഗ് നടത്താൻ കുട്ടികളും അധ്യാപകരും പരിശ്രമിക്കണമെന്ന അഭിപ്രായമുണ്ടായി. ആ സമയത്ത് മൊബൈൽഫോൺ, ടി.വി., കംപ്യൂട്ടർ, ടാബ് എന്നിവ ഉപ യോഗിക്കാതിരിക്കുക.

**നല്കിയ അറിപ്പുകൾ:**

**1. ആമുഖസെമിനാർ:** ജൂൺ 23 ാം തീയതി ആമുഖ സെമിനാർ ആണ്. എല്ലാ പുതിയ അധ്യാപകരും ഇതിൽ പങ്കെടുക്കണമെന്ന് അറിയിച്ചു.

**2. ഫൊറോന സെമിനാർ:** ഫൊറോന സെമിനാറുകളുടെ തീയതികൾ നിശ്ചയിച്ചു: Jadkal - July 20, Belthangady - July 27, Thottathady & Dharmasthala - August 3, Udane & Kutruppady - August 10, Kodagu - Augu 17, Kankanady - Aug 24, Bajagoli Region -

**3. വാർഷിക സെമിനാർ:** ഒക്ടോബർ 4, 5 തിയദികളിലായിരിക്കും വാർഷിക സെമിനാർ നടത്തപ്പെടുക. ജൂബിലിയുമായി ബന്ധപ്പെട്ട ഡോക്കുമെന്റ്സ് പഠിക്കാനാണ് ഈ അവസരം ഉപയോഗിക്കുക. ഫാ. അരുൺ കലമറ്റത്തിൽ ആയിരിക്കും ക്ലാസ്സുകൾ നയിക്കുന്നത്.

**4. ബന്ധങ്ങൾ:** അധ്യാപകർ കുട്ടികളുമായും അവരുടെ മാതാപിതാക്കളുമായും വികാരിയച്ചനുമായും നല്ല ബന്ധം കാത്തുസൂക്ഷിക്കണം എന്ന് അറിയിച്ചു.

**5. മാസപ്രാർത്ഥന:** അധ്യാപകരുടെ മാസപ്രാർത്ഥന മുടക്കരുത് എന്നും വിശ്വാസവഴിയിലെ വെല്ലുവിളികളെ കുറിച്ച് പഠിക്കുകയും ക്ലാസ് എടുക്കുകയും ചെയ്യണം എന്നും അറിയിച്ചു.

**6. റീ എക്സാം:** തോറ്റ കുട്ടികൾക്ക് റീ-എക്സാം നടത്തി റിസൾട്ട് നൽകേണ്ടതാണ്.

**7. ബൈബിൾ എഴുത്ത്**: ബൈബിൾ എഴുതാൻ എല്ലാവരെയും പ്രോത്സാഹിപ്പിക്കണം എന്ന് അറിയിച്ചു.

**8. വചന ഡയറി:** വചന ഡയറി എഴുതുന്നത് നല്ലതാണെന്നും അതെഴുതുവാൻ കുട്ടികളെ പരമാവധി പ്രോത്സാഹിപ്പിക്കണമെന്നും അറിയിച്ചു.

**9. പതിനൊന്നാം ക്ലാസ്:** ഈ വർഷംമുതൽ പുതിയ പുസ്തകമാണ്. 11 ൽ പഠിപ്പിക്കുന്ന അധ്യാപകർക്ക് മെയ് 18 ന് പ്രത്യേക പരിശീലനം നൽകുന്നതാണ് എന്ന് അറിയിച്ചു.

**10. ക്രിസ്തോത്സവ:** ഇത് രൂപതാതലത്തിൽ നടത്തുന്ന ഒരു പരിപാടിയാണെന്നും എല്ലാ ഇടവകകളിലും അത് നിർബന്ധമായും നടത്തണമെന്നും അറിയിച്ചു. വിസിറ്റേഴ്സ് ചെക്ക്ലിസ്റ്റിൽ അതിന് മാർക്ക് ഉണ്ടായിരിക്കും.

**11. ഫൊറോനാ കൗൺസിൽ:** എല്ലാ ഫൊറോനകളിലും ഫൊറോനാ കൗൺസിൽ ഉണ്ടായിരിക്കേണ്ടത് നിർബന്ധമാണ്. വിശ്വാസ പരിശീലനത്തിനും മിഷൻ ലീഗിനും ഫൊറോനാ കൗൺസിൽ ഉണ്ടായിരിക്കണം.

എല്ലാവർക്കും 2025-26 ലെ ഇയർപ്ലാൻ നല്കി.

## 11 ാം ക്ലാസിലെ അധ്യാപകർക്ക് ട്രെയിനിങ് പ്രോഗ്രാം

11 ാം ക്ലാസിൽ പഠിപ്പിക്കുന്ന അധ്യാപകർക്കുള്ള ട്രെയിനിങ് പ്രോഗ്രാം മെയ് 18 ന് ജ്ഞാനനിലയത്തിൽവച്ച് നടന്നു. കാഞ്ഞിരപ്പള്ളി സെയിന്റ് ഡൊമിനിക്ക് കോളേജ് പ്രൊഫസർ ശ്രീ ബിനോ പി. ജോസ് സാറാണ് പരിശീലനം നല്കിയത്.

അഭിവന്ദ്യ ലോറൻസ് മുക്കുഴി പിതാവ് ഈ ട്രെയിനിങ് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. സഭ നിഷ്കർഷിക്കുന്ന ബോധന രീതി (pedagogy) അനുസരിച്ചുവേണം പഠിപ്പിക്കാൻ. നമ്മൾ Sign Method ആണ് ഇതുവരെ ഉപയോഗിച്ചിരുന്നത്. ഇപ്പോൾ ഉപയോഗിക്കുന്നത് Formative method ആണ്. For the success of any profession the professional knowledge is essential. 12-ാം ക്ലാസ്സ് കഴിഞ്ഞ എത്ര

കുട്ടികൾ ഇന്ന് യേശുവിനുവേണ്ടി ജീവിക്കാനും മരിക്കാനും തയ്യാർ ഉണ്ടാകും എന്ന് നമ്മൾ ആലോചിക്കണം. യുവജനങ്ങളുടെ ചോദ്യ ങ്ങള്ക്ക് ഉത്തരം നല്ക്കാൻ അനുയോജ്യമായ വേദി സൃഷ്ടിക്കണം. 11, 12 ക്ലാസ്സുകൾ നന്നായി ഒരുങ്ങി വേണം പഠിപ്പിക്കാൻ എന്ന് പിതാവ് തന്റെ സന്ദേശത്തിൽ പറഞ്ഞു.

22 അധ്യാപകർ ഈ പരിപാടിയിൽ പങ്കെടുത്തു.

## രൂപതാ മതബോധന കൗൺസിൽ മീറ്റിംഗ്

മെയ് 27 ാം തിയതി ജ്ഞാനനിലയത്തിൽവച്ച് രൂപതാ മതബോധന കൗൺസിൽ മീറ്റിംഗ് നടന്നു. രാവിലെ 10.30 നു പ്രാർത്ഥനയോടെ മീറ്റിംഗ് ആരംഭിച്ചു. ബ. ജോസഫ് മറ്റത്തിൽ അച്ചൻ എല്ലാവരെയും സ്വാഗതം ചെയ്തു. സിസ്റ്റർ പാവന എഫ്.സി.സി. കഴിഞ്ഞ വർഷത്തെ കൗൺസിൽ റിപ്പോർട്ട് അവതരിപ്പിച്ചു. റിപ്പോർട്ട് വിലയിരുത്തി പാസ്സാക്കി. തുടർന്ന് താഴെനല്കിയിരിക്കുന്ന വിഷയങ്ങളെക്കുറിച്ച് ചർച്ചകൾ നടത്തി. ഈ മീറ്റിംഗിൽ ഉരുത്തിരിഞ്ഞ നിർദേശങ്ങളും തീരുമാനങ്ങളും താഴെ ചേർക്കുന്നു:

1. എല്ലാ ഫൊറോനകളിലും വിശ്വാസപരിശീലനത്തിന് ഫൊറോന കൗൺസിൽ നിർബന്ധമായും ഉണ്ടായിരിക്കണം.

2. ഫൊറോണ തലത്തിൽ മീഡിയ അവബോധവും ലൈംഗിക വിദ്യാഭ്യാസവും എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സുകൾ സംഘടിപ്പിക്കണം. അത് ലൈഫ് ഗൈഡൻസ് കോഴ്സ് എന്ന പേരിൽ നടത്തണം.

3. വിശ്വാസ വഴിയിലെ സംശയങ്ങൾ എന്ന പുസ്തകത്തിലെ ചോദ്യോത്തരങ്ങൾ അധ്യാപകർ വായിച്ച് പഠിക്കുകയും അവരുടെ മാസ പ്രാർത്ഥനാസമ്മേളനത്തിൽ ക്ലാസ്സ് എടുക്കുകയും ചെയ്യണം. അതിനോടൊപ്പം സാമാന്യജ്ഞാനവും അധ്യാപകർ പഠിക്കണം എന്ന് പിതാവ് നിർദ്ദേശിച്ചു.

4. കാക്കനാട് വിശ്വാസ പരിശീലന കേന്ദ്രത്തിൽനിന്നും നടത്തപ്പെടുന്ന ഓൺലൈൻ ക്ലാസുകളിൽ എല്ലാ അധ്യാപകരും പങ്കെടുക്കണമെന്നും കൂടാത്തവർ യൂട്യൂബിൽ ഉള്ള ക്ലാസുകൾ കൂടാൻ പരിശ്രമിക്കണം എന്നും പിതാവ് അറിയിച്ചു.

5. പരീക്ഷയ്ക്ക് ഇൻവിജിലേറ്ററിനെ ഫൊറോനതലത്തിൽ നിയമിക്കണം എന്ന് തീരുമാനിച്ചു.

6. ഒന്നും രണ്ടും സെമസ്റ്റർ പരീക്ഷകളുടെ ഉത്തര കടലാസുകൾ പ്രധാന അധ്യാപകന്റെ ഉത്തരവാദിത്വത്തിൽ സൂക്ഷിച്ചുവയ്ക്കണം.

7. സ്കൂളിൽ ഒന്നാംക്ലാസിൽ പഠിക്കുന്ന കുട്ടികളെ വേദപാഠ ക്ലാസ്സിലും ഒന്നാം ക്ലാസിൽ ചേർക്കണം. എൽ.കെ.ജി., യു.കെ.ജി. യിൽ പഠിക്കുന്ന കുട്ടികളെ ബൈബിൾ നഴ്സറിയിൽ ചേർക്കണം.

8. വിശ്വാസ പരിശീലനമണിക്കൂറും വിശ്വാസ പരിശീലന വാരവും എല്ലാ ഇടവകകളിലും നിർബന്ധമായും നടപ്പിലാക്കുകയും ആതാതു ക്ലാസ്സിലെ അധ്യാപകർ കൃത്യമായും മേൽനോട്ടം വഹിക്കുകയും ചെയ്യണം.

9. ഇടവകാതലത്തിൽ നടത്തപ്പെടുന്ന ജ്ഞാനസന്ദേശ ബൈബിൾ ക്വിസ്സ് ഓരോ ഇടവകയും അവരവരുടെ സൗകര്യപ്രദമായ രീതിയിൽ (വാർഡുകളിൽ ഫാമിലി ബൈബിൾ ക്വിസ്, പള്ളിയിൽ ഗ്രൂപ്പുകൾതിരിച്ച് ഓറൽ ബൈബിൾക്വിസ്സ്) നടത്തുകയും ഇടവകയിൽനിന്നും ടീമിനെ തിരഞ്ഞെടുക്കുകയും ചെയ്യണം. ജ്ഞാനസന്ദേശ ബൈബിൾ ക്വിസ്സിനു ബൈബിളിൽനിന്ന് മാത്രം ചോദ്യങ്ങൾ ഉണ്ടായിരിക്കുകയുള്ളു. ആഴമായി പഠിക്കാൻവേണ്ടി വ്യാഖ്യാന നോട്ടുകൾ ഉദയ ദീപത്തിൽ നൽകുന്നതാണ്. കുട്ടികൾക്ക് പഠിക്കാനുള്ള ബൈബിൾ വചനങ്ങൾ തെരഞ്ഞടുത്തു നല്കുന്നതാണ്.

10. രൂപതയിൽനിന്നും സമ്മർ ക്ലാസ് നടത്തണം എന്നുള്ള നിർദ്ദേശം ഉണ്ടായിരിക്കുകയില്ല. റിവിഷൻ ക്ലാസുകൾ ഓരോ ഇടവകയുടെയും ആവശ്യം അനുസരിച്ച് നടത്തുക.

11. ക്രിസ്തോത്സവ വിശ്വാസ പരിശീലനത്തിന്റെ ഭാഗമായി എല്ലാ ഇടവകകളും നിർബന്ധമായും നടത്തേണ്ടതാണ്.

12. ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്ന കുട്ടികളുടെ പേര് അറ്റൻഡൻസ് രജിസ്റ്ററിൽ ഉണ്ടായിരിക്കണം. അധ്യാപകർ തങ്ങളുടെ ക്ലാസിന്റെ വാട്സ്ആപ്പ് ഗ്രൂപ്പിൽ അവരെ ചേർക്കണം.

അവർക്ക് ആവശ്യമായ പുസ്തകങ്ങളും നിർദ്ദേശങ്ങളും അധ്യാപകർ നൽകണം. ഹോസ്റ്റലുകളിൽ പഠിക്കുന്നവർ ലീവിൽ വരുമ്പോൾ വിശ്വാസ പരിശീലന ക്ലാസുകളിൽ പങ്കെടുക്കണം.

13. ജൂബിലി വർഷം പ്രമാണിച്ച് കുട്ടികൾക്ക് തീർത്ഥാടനം നടത്തണം. അതിന് അഞ്ചു മാർക്ക് ലഭിക്കുന്നതാണ്.

14. മിഷൻ ഗ്രാമമായി മണ്ഡ്യ രൂപതയുടെ ഗ്രാമപ്രദേശങ്ങൾ തിരഞ്ഞെടുക്കാൻ തീരുമാനിച്ചു.

15. ക്രിസ്തുരാജന്റെ തിരുനാളിനോട് അനുബന്ധിച്ച് മിഷൻ റാലി നടത്തേണ്ടതാണ്. അടുത്തടുത്തുള്ള രണ്ടോ മൂന്നോ ഇടവകകൾ ചേർന്ന് നടത്താവുന്നതാണ്.

16. **ഡിജിറ്റൽ ഫാസ്റ്റിംഗ്:** തിങ്കൾ മുതൽ വെള്ളിവരെ വൈകുന്നേരം 7 മണി മുതൽ 8 മണിവരെ കുടുംബാംഗങ്ങളെല്ലാവരും ഡിജിറ്റൽ ഫാസ്റ്റിംഗ് നടത്തണം. ആ സമയത്ത് മൊബൈൽഫോൺ, ടി. വി., കംപ്യൂട്ടർ, ടാബ് എന്നിവ ഉപയോഗിക്കാതിരിക്കുക.

അഭിവന്ദ്യ പിതാവ് സന്ദേശം നല്കി. വിശ്വാസ പരിശീലനം എങ്ങനെ ആണോ അങ്ങനെയായിരിക്കും സഭ. മുതിർന്നവരുടെ വിശ്വാസ പരിശീലനത്തെക്കുറിച്ച് ചിന്തിക്കുകയും കാര്യപരിപാടികൾ ആസൂത്രണം ചെയ്യുകയും വേണം. ജനങ്ങളെയും സഭാ കാര്യങ്ങളെക്കുറിച്ചുള്ള പൊതുവിജ്ഞാനം പഠിപ്പിക്കേണ്ടതാണ്. ഉദയ ദീപ പ്രധാനാധ്യാപകനും മറ്റെല്ലാ അധ്യാപകരും കൗൺസിൽ അംഗങ്ങളും വായിക്കണം എന്ന് പിതാവ് തന്റെ സന്ദേശത്തിൽ അറിയിച്ചു.

## എയ്ഞ്ചൽസ് മീറ്റ്

2025 മെയ് 25 ആം തീയതി രൂപതാകേന്ദ്രത്തിൽവച്ച് എയ്ഞ്ചൽസ് മീറ്റ് നടന്നു. 2025 ൽ ആഘോഷമായി കുർബാന സ്വീകരിച്ച കുട്ടികളുടെ സമ്മേളനമാണിത്. അഭിവന്ദ്യ പിതാവ് കുട്ടികളോടൊപ്പം കത്തീഡ്രൽ ദേവാലയത്തിൽ വിശുദ്ധ ബലി അർപ്പിച്ചു കുട്ടികൾക്കുവേണ്ടി പ്രാർത്ഥിച്ചു. കുർബാനയ്ക്കു ശേഷം സി. നിയാ ട്രീസ എസ്.ഡി. യും സി. ജോയൽ എസ്.ഡി. യും കുട്ടികളെ ആക്ഷൻ സോങ് പഠിപ്പിച്ചു. അഭിവന്ദ്യ പിതാവ് കുട്ടികളെ കാണുകയും സംസാരിക്കുകയും

ചെയ്തു. കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി. അതിനുശേഷം ഫോട്ടോ സെഷൻ ആയിരുന്നു. ഉച്ചഭക്ഷണത്തോടുകൂടി ഏഞ്ചൽസ് മീറ്റ് അവസാനിച്ചു. 110 കുട്ടികളും 45 അധ്യാപകരും മാതാപിതാക്കളും എയ്ഞ്ചൽസ് മീറ്റിൽ പങ്കെടുത്തു. ബ. ജോസഫ് മാറ്റം അച്ചന്റെ നേതൃത്വത്തിൽ വിശ്വാസപരിശീലന വിഭാഗമാണ് ഏഞ്ചൽസ് മീറ്റ് സംഘടിപ്പിച്ചത്.

## പുതിയ അധ്യാപകരുടെ നിയമനം

പുതിയ അധ്യാപകരെ ആദ്യമേതന്നെ നിയമിക്കുകയും അവരുടെ പേരുവിവരങ്ങൾ തന്നിരിക്കുന്ന ഫോമിൽ പൂരിപ്പിച്ച് രൂപതാ കേന്ദ്രത്തിലേക്ക് അയച്ചുതരുകയും ചെയ്യണം.

## രേഖകൾ സമർപ്പിക്കുക

2025-26 അധ്യയന വർഷത്തിലെ എല്ലാ ഡോക്യുമെന്റ്സും തന്നിരിക്കുന്ന ഫോമുകളിൽ പൂരിപ്പിച്ച ജൂൺ 30 നുള്ളിലായി രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

## പുതിയ അഡ്മിഷൻസ്

ജൂൺ 15 നു മുമ്പായി പുതിയ അഡ്മിഷൻ ചെയ്യുവാൻ ശ്രദ്ധിക്കുക.

## ആമുഖ സെമിനാർ

ഈ വർഷം പുതിയതായി വിശ്വാസ പരിശീലനത്തിന് ചേർന്ന വർക്കും ഇതുവരെ ആമുഖ സെമിനാർ കൂടാത്തവർക്കുംവേണ്ടി ജൂൺ മാസം 22 ആം തീയതി ആമുഖ സെമിനാർ നടത്തപ്പെടുന്നു. രാവിലെ 9.30 നു വിശുദ്ധ കുർബാന. അതിനുശേഷം പരിശീലനക്ലാസ്സുകൾ നട ക്കും. വൈകുന്നേരം 4.00 മണിയോടെ അവസാനിക്കുന്നതാണ്.ഈ സെമിനാറിൽ പങ്കെടുത്ത് സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവർക്കാണ് പഠി പ്പിക്കാൻ അർഹതയുള്ളത്. ബഹുമാനപ്പെട്ട വികാരിയച്ചന്മാരും പ്രധാന അധ്യാപകരും ഈ കാര്യം ശ്രദ്ധിക്കുകയും അവരെ ആമുഖമിനാറിന് പറഞ്ഞയക്കുകയും ചെയ്യുമല്ലോ.

## പ്രതിഭാ സംഗമം 2025

മെയ് മാസം 8, 9, 10 തീയതികളിൽ കാക്കനാടിൽവച്ചു നടന്ന ഏഴാം ക്ലാസ് കുട്ടികളുടെ പ്രതിഭാ സംഗമത്തിൽ നമ്മുടെ രൂപതയിൽ നിന്നും നാല് കുട്ടികൾ പങ്കെടുത്തു. അവർക്ക് പ്രത്യേക

അനുമോദനങ്ങൾ അറിയിക്കുന്നു.

1. Brijith Palely, Navoor
2. Alphin Madassery, Thottathady
3. Mary Nithin Panthalipadan, Manipal
4. Alina Justin Kurikunnel, Manipal

Mary Nithin Panthalipadan പത്തു പ്രതിഭകളിൽ ഒരാളായി തിരഞ്ഞെടുക്കപ്പെട്ടു. അഭിനന്ദനങ്ങൾ.

# ചെറുപുഷ്പ മിഷൻലീഗ്

## പ്രവർത്തന വർഷ ഉദ്ഘാടനം

ദേശീയ, സംസ്ഥാന, രൂപതാതല സി.എം.എൽ. പ്രവർത്തന വർഷം 2025-26 ഉദ്ഘാടനം ബൊൾമനാർ ഇടവകയിൽ വച്ച് 24 മെയ് 2025 നു നടന്നു. രാവിലെ 9.30 നു വിശുദ്ധ ബലി അർപ്പിച്ചു പ്രാർത്ഥിച്ചു. തുടർന്ന് ബൊൾമനാറിലെ സി.എം.എൽ. കുട്ടികളുടെ സ്റ്റേജ് ഓപ്പണിങ് ഡാൻസോടുകൂടി പരിപാടികൾ ആരംഭിച്ചു. സംസ്ഥാന ഡയറക്റ്റർ ബ. ജോസഫ് പാമ്പയ്ക്കൽ അച്ചൻ എല്ലാവരെയും സ്വാഗതം ചെയ്തു. അഭിവന്ദ്യ മാർ ലോറൻസ് മുക്കുഴി പിതാവ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ദേശീയ പ്രസിഡണ്ട് ശ്രീ സുജി പുല്ലുകാട്ട് അധ്യക്ഷ പ്രസംഗം നടത്തി. ദേശീയ ഡയറക്ടർ ജോസഫ് മറ്റത്തിൽ അച്ചൻ ആമുഖപ്രഭാഷണം നടത്തി. അന്തർദേശീയ പ്രസിഡൻറ് ഡേവിസ് വല്ലൂരാൻ മുഖ്യപ്രഭാഷണം നടത്തി. അന്തർദേശീയ ജനറൽ ഓർഗനൈസർ ശ്രീ ജോൺ കൊച്ചുചെറുനിലം എല്ലാവർക്കും നന്ദി പറഞ്ഞു. അന്തർദേശീയ ജനറൽ ഓർഗനൈസർ ശ്രീ ബിനോയ് പള്ളിപ്പറമ്പിൽ, സംസ്ഥാന പ്രസിഡണ്ട് ശ്രീ ഫിലിപ്പ് മാത്യു മറ്റനേകം ദേശീയ സംസ്ഥാന രൂപത ഭാരവാഹികളും ഉപവിഷ്ടരായിരുന്നു. ഗുഡ്നെസ് ടി.വി. യിലെ സീസൻ ത്രീയിലെ മത്സരാർത്ഥി മുദൂരിലെ സാനിയ പുഞ്ചകുന്നേൽ ഗാനം ആലപിച്ചു. ധർസ്ഥളയിലെ ആൻ റോസ് ഡാൻസ് കളിച്ചു.

ഇടവക വികാരി ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ പുന്നത്താനം അച്ചനും കൈക്കാരന്മാരും കമ്മിറ്റിക്കാർക്കും പ്രത്യേകം നന്ദി.

## ഇടവകാതല പ്രവർത്തനവർഷം

**ജൂൺ മാസം എട്ടാം തീയതി** എല്ലാ ഇടവകകളിലും സി.എം. എൽ. പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്യണം.

**സി.എം.എൽ. വൈസ് ഡയറക്ടർസ്, ആനിമേറ്റർസ്, തിരുബാലസഖ്യം പ്രമോട്ടർസ് സമ്മേളനം**

**ജൂൺ 29 ന് ജ്ഞാനനിലയത്തിൽ വച്ച് നടത്തപ്പെടുന്നതാണ്.**

## മിഷൻലീഗ് ലീഡർമാരുടെ ട്രെയിനിങ് ക്യാമ്പ്

മിഷൻ ലീഗ് ലീഡേഴ്സ് ട്രെയിനിങ് ക്യാമ്പ് മെയ് 15, 16, 17 തീയതികളിൽ ജ്ഞാനനിലയത്തിൽവച്ച് നടത്തപ്പെട്ടു. 78 കുട്ടികൾ ഇതിൽ പങ്കെടുത്തു. ശ്രീ ബിനു മാങ്കൂട്ടം, അഡ്വകേറ്റ് ജിജിൽ മാനന്തവാടി, ശ്രീ ബെന്നി മുത്തനാട്ട് എന്നിവരാണ് ക്യാമ്പ് നയിച്ചത്. കുട്ടികൾക്ക് നല്ല അനുഭവമായിരുന്നു. ഇതിന്റെ വിജയത്തിനായി സഹകരിച്ച എല്ലാവർക്കും നന്ദി.

## രൂപതാതല സി.എം.എൽ. ഭാരവാഹികൾ

മെയ് 15–17 വരെ നടന്ന സി.എം.എൽ. ലീഡർസ് ട്രൈനിംഗ് ക്യാമ്പിൽവച്ച് 2025 –2028 കാലയളവിലേക്കുള്ള രൂപതാതല ഭാരവാഹി കളെ തെരഞ്ഞെടുത്തു.

1. President : Joshua Pandamakkal, 9th STD, Dharmasthala
2. Vice-President : Jestia Urumbil, 10th STD, Kankanady
3. Secretary : Joshua Sinu Kumblanickal, 10th STD, Belthangady
4. Join Secretary : Sherry Thaliyath, 9th STD, Ujire

## മിഷൻ വിസിറ്റ്

കഴിഞ്ഞ പ്രവർത്തനവർഷം മിഷൻഗ്രാമമായി തെരഞ്ഞെ ടുത്തത് ഭദ്രാവതി രൂപത ആയിരുന്നു. ഭദ്രാവതി രൂപതയിൽ ഉള്ള ഒരു മിഷൻ പ്രദേശമാണ് ഹൊളെഹൊന്നൂർ. ഇവിടെയുള്ള 9 ഗ്രാമങ്ങളിൽ ബഹുമാനപ്പെട്ട ടോമി പാലക്കുടി അച്ചൻ തന്റെ അജപാലന ദൗത്യം ചെയ്യുന്നു. ഇവിടെ അച്ചൻ തന്റെ അജഗണങ്ങളെ സന്ദർശിക്കുകയും

അവർക്കും മറ്റു ജനങ്ങൾക്കും കർത്താവിന്റെ സ്നേഹം പകർന്നു നൽകുകയും ചെയ്യുന്നു. നമ്മുടെ രൂപതയിൽ നിന്നും 11 പേർ അടങ്ങുന്ന സംഘം ഈ മിഷൻ പ്രദേശം സന്ദർശിച്ചു. അവിടുത്തെ ജനങ്ങളുടെ വിശ്വാസം, പ്രവർത്തനങ്ങൾ, ആരാധനാജീവിതം എന്നിവ കണ്ടു. അവർക്കുവേണ്ടി പ്രാർത്ഥിച്ചു. നമ്മുടെ പ്രാർത്ഥനകളിൽ അവരെയും ഓർക്കാം.

## ഈ വർഷത്തെ പഠന വിഷയം

കർത്താവിന്റെ മുന്തിരിത്തോപ്പിൽ പ്രത്യാശയുടെ തീർത്ഥാടകർ.

**പ്രാർത്ഥനാനിയോഗം:**

2025-26 വർഷം നന്നായി പഠിക്കാൻ വേണ്ട കൃപയ്ക്കായി പ്രാർത്ഥിക്കാം.

## പ്രവർത്തനം:

ഒരു കുർബാനയിൽ പങ്കെടുത്ത് മരിച്ച മിഷൻലീഗ് അംഗങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുക.

## സുകൃതജപം

ബോധജ്ഞാനത്തിന്റെ സിംഹാസനമേ എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ.

## അനുസ്മരിക്കുന്ന തിരുനാൾ

ഈശോയുടെ തിരുഹൃദയ തിരുനാൾ - ജൂൺ 27

## വചനം:

ഇതാണ് നിത്യജീവൻ; ഏക സത്യദൈവമായ അവിടുത്തെയും അങ്ങ് അയച്ച യേശുക്രിസ്തുവിനെയും അറിയുക. യോഹ 17:3.

**സെമിനാരി ഫണ്ട്:** മുണ്ടാജെ - 1500 രൂപ.

**മിഷൻ ഗ്രാമത്തിനു സഹായം:** മംഗലാപുരം 5000 രൂപ.

## സി.എം.എൽ. രൂപതാകൗൺസിൽ മീറ്റിംഗ്

ഫൊറോനാ മിഷൻ ലീഗ് ഡയറക്ടർമാരുടെയും രൂപതാ മിഷൻ ലീഗ് ഭാരവാഹികളുടെയും രൂപത കോർ റ്റീം അംഗങ്ങളുടെയും മീറ്റിംഗ് 2025 മെയ് 7 ാം തീയതി അഭിവന്ദ്യ പിതാവിന്റെ അധ്യക്ഷതയിൽ ജ്ഞാന നിലയത്തിൽ നടന്നു. രാവിലെ പത്തരയ്ക്ക് ആരംഭിച്ച മീറ്റിംഗ് ഒരു

മണിയോടെ അവസാനിച്ചു. ഡയറക്ടർ ബഹുമാനപ്പെട്ട ജോസഫ് മാറ്റത്തിൽ അച്ഛൻ എല്ലാവരെയും സ്വാഗതം ചെയ്തു. വർഗീസ് കഴുതാടിയിൽ സാർ കഴിഞ്ഞ മീറ്റിങ്ങിന്റെ റിപ്പോർട്ട് അവതരിപ്പിച്ചു. പിതാവ് മീറ്റിംഗ് ഉദ്ഘാടനം ചെയ്തുകൊണ്ട് സന്ദേശം നൽകി. സി.എം.എൽ. സഭയുടെ കാറ്റലിസ്റ്റ് ആണ്. സി.എം.എൽ. സീറോ മലബാർ സഭയുടെ ഭാഗ്യവും അനുഗ്രഹവും ആണ്. അത് ഒരു ചാരിറ്റബിൾ സൊസൈറ്റി അല്ല; ചാരിറ്റി പ്രവർത്തനം അതിന്റെ ഒരു ഭാഗം മാത്രമാണ്. ദൈവവിളി പ്രോത്സാഹനമാണ് പ്രധാന ലക്ഷ്യം. നമ്മൾ ഭാരവാഹികൾ മിഷൻലീഗിനെ ലഘുവായി കണക്കിലെടുത്താൽ കുട്ടികളും ലഘുവായി തന്നെ കണക്കിലെടുക്കും എന്ന് പിതാവ് തന്റെ സന്ദേശത്തിൽ പറഞ്ഞു.

1. മെയ് 15 മുതൽ 17 വരെ സി.എം.എൽ. ലീഡേഴ്സ് ട്രെയിനിങ് പ്രോഗ്രാം നടക്കും. അന്നേദിവസം മിഷൻലീഗിന്റെ രൂപതാ ഭാരവാഹികളെ തിരഞ്ഞെടുക്കും എന്ന് അറിയിച്ചു.
2. മെയ് 24 തീയതി ബൊൾമനാറിൽവച്ച് ദേശീയ തലത്തിലും, സംസ്ഥാന തലത്തിലും, മിഷൻലീഗിന്റെ പ്രവർത്തന വർഷം ഉദ്ഘാടനം ചെയ്യുന്നതായിരിക്കും.
3. മെയ് 8 മുതൽ 10 വരെ കാക്കനാടിൽ വച്ച് ഏഴാം ക്ലാസ് കുട്ടികളുടെ പ്രതിഭാ സംഗമം നടത്തപ്പെടുന്നതാണ്.
4. ജൂബിലി പ്രമാണിച്ച് തീർത്ഥാടന കേന്ദ്രങ്ങളായി ബെൽത്തംഗടി സെയിന്റ് ലോറൻസ് കത്തീഡ്രൽ പള്ളിയെയും ഹൊസ്കോട്ടയിലെ സെൻറ് സെബാസ്റ്റ്യൻസ് പള്ളിയെയും ജട്ക്കല്ലിലെ സെയ്ന്റ് ജോർജ് പള്ളിയെയും പ്രഖ്യാപിച്ചിരിക്കുന്നു. അവിടേക്ക് കുട്ടികളെ കൂട്ടികൊണ്ട് തീർത്ഥാടനം പോകാൻ ജൂബിലി വർഷത്തിൽ പരിശ്രമിക്കണം. മിഷൻലീഗിന്റെ വിസിറ്റർസ് ചെക്ക് ലിസ്റ്റിൽ ഈ പോയിൻറ് കൂടി ചേർക്കേണ്ടതാണ്.
5. ജൂബിലി വർഷത്തിൽ വിശ്വാസപ്രമാണം ചൊല്ലി ചെയിൻ പ്രയർ നടത്താൻ തീരുമാനിച്ചു.
6. മണ്ഡ്യ രൂപതയിലെ മൈസൂർ പ്രദേശങ്ങളിലുള്ള ഇടവകകളെ 2025-26 ൽ നമുക്ക് മിഷൻ ഗ്രാമമായി എടുക്കാം എന്ന് തീരുമാനിച്ചു.

7. ഭദ്രാവതി രൂപതയിലെ ഹൊളെഹൊന്നൂറു എന്ന സ്ഥലത്തേക്ക് മിഷൻ വിസിറ്റ് നടത്താം എന്ന് തീരുമാനിച്ചു.

8. ആഗോള മിഷൻ സണ്ടെ ആചരണവും സീറോ മലബാർ മിഷൻ സണ്ടെ ആചരണവും ഒക്ടോബറിൽതന്നെ നടത്തിയാൽ നല്ലതായിരിക്കും എന്ന് അഭിപ്രായപ്പെട്ടു.

9. മിഷൻ ലീഗിന്റെ നിയമാവലി പഠിക്കാൻ വേണ്ടി ഫൊറോന തലത്തിൽ ക്ലാസുകൾ സംഘടിപ്പിക്കുന്നത് നല്ലതാണ് എന്ന് സൂചിപ്പിച്ചു.

10. കുഞ്ഞേട്ടന്റെ ജന്മ ശതാബ്ദിയോടനുബന്ധിച്ച് ഓഗസ്റ്റ് 2025 കുഞ്ഞേട്ടൻ അനുസ്മരണ പരിപാടികൾ നടത്തണമെന്ന് അറിയിച്ചു.

11. വിശുദ്ധ കൊച്ചുത്രേസ്യായെ വിശുദ്ധയായി പ്രഖ്യാപിച്ചതിന്റെ ശതമാനോത്സവം ഒക്ടോബർ 2025 ൽ നടത്തണമെന്നും ഉചിതമായ സന്ദേശം നല്കുകയും വീഡിയോ മുതലായവ പ്രദർശിപ്പിക്കുകയും സ്കിറ്റ്, ക്വിസ്സ് മുതലായ പരിരാടികൾ സംഘടിപ്പിക്കുകയും ചെയ്യണമെന്ന് അറിയിച്ചു.

12. നമ്മുടെ കർത്താവിന്റെ ജൂബിലി വർഷത്തിന്റെ സമാപനത്തോടനുബന്ധിച്ച് മിഷൻ ലീഗിലെ കുട്ടികൾ ക്രിസ്തുരാജന്റെ തിരുനാളിന്റെ ദിവസം മിഷൻ റാലി നടത്തണം എന്ന് സൂചിപ്പിച്ചു. അടുത്തുള്ള ഇടവകകളിൽ ഒരുമിച്ച് പൊതു റാലി നടത്തുന്നത് നല്ലതാണെന്ന് അഭിപ്രായപ്പെട്ടു.

രൂപതാ സി.എം.എൽ. പ്രസിഡന്റ് മാസ്റ്റർ ബിനൽ എല്ലാവർക്കും നന്ദി അറിയിച്ചു.

# തിരുബാലസഖ്യം

## പ്രവർത്തന സർക്കാരംഭം

ജൂൺ 8 ാം തീയതി തിരുബാല സഖ്യത്തിന്റെ പ്രവർത്തന വർഷം ആരംഭിക്കുകയാണ്. ദീപം തെളിയിച്ച ഉദ്ഘാടനം നടത്തണം. കുർബാന, ആരാധന, സമ്മേളനം ഒക്കെ നടത്താവുന്നതാണ്.

## പ്രവർത്തനം

എല്ലാ ദിവസവും മൂന്നു ത്രിത്വ സ്തുതി ചൊല്ലി നന്നായി പഠിക്കാൻ സഹായിക്കണമെന്ന് പ്രാർത്ഥിക്കുക.

## വചനം

ഇതുവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നുംതന്നെ ചോദിച്ചിട്ടില്ല. ചോദിക്കുവിൻ, നിങ്ങൾക്ക് ലഭിക്കും, അതുമൂലം നിങ്ങളുടെ സന്തോഷം പൂർത്തിയാവുകയും ചെയ്യും - യോഹന്നാൻ 16:24.

## സുകൃതജപം

പരിശുദ്ധാത്മാവേ എന്റെ ബുദ്ധിയെ പ്രകാശിപ്പിക്കണമേ.

## അനുസ്മരിക്കുന്ന തിരുനാൾ

വിശുദ്ധ അന്തോനീസ് - ജൂൺ 13.

# ബൈബിൾ അപ്പസ്തോലേറ്റ്

**ബൈബിൾ വായനയും എഴുത്തും നിങ്ങൾ തുടരുന്നുണ്ട് എന്ന് ഞാൻ വിശ്വസിക്കുന്നു.**

## വിശുദ്ധ യോഹന്നാൻ അറിയിച്ച സുവിശേഷം പഠിക്കാം

തുടർച്ച ...

**10:1-21:-** ഇടയ ചിത്രം കേന്ദ്രീകരിച്ചുള്ള ഈ അധ്യായത്തിൽ പലസ്തീനായിൽ നിലനിന്നിരുന്ന ഇടയ ജീവിതശൈലിയുടെ ഒരു വാക്ക് ചിത്രം കാണാം.

**10:1 – ആട്ടിൻ തൊഴുത്ത്:** രാത്രിയിൽ ആടുകളെ കവർച്ചക്കാരിൽനിന്നും ഹിംസ്രജന്തുക്കളിൽനിന്നും സംരക്ഷിക്കാനായി കന്മതിലും ഒറ്റ വാതിലും ഉള്ള അടച്ചുകെട്ടപ്പെട്ട സ്ഥലം. ആട്ടിടയൻ മാത്രമേ ഇതിനകത്ത് കയറാൻ കാവൽക്കാരൻ അനുവദിക്കുകയുള്ളൂ.

**10:3 – സ്വരം ശ്രവിക്കുന്നു:** ആടുകളും ഇടയനും തമ്മിലുള്ള ആഴമേറിയ ബന്ധമാണ് ഇടയശബ്ദം തിരിച്ചറിയാൻ ഇടയാക്കുന്നത്. യോഹന്നാന്റെ സുവിശേഷത്തിൽ ദൈവസ്വരം ശ്രവിക്കുന്നത് ശിഷ്യത്വത്തിന്റെ ആരംഭം ആണ്. (1:37) യോഹ 10:11.

**പേര് ചൊല്ലി വിളിക്കുകയും:** സുപരിചിതത്വത്തിന്റെയും അടുത്ത സ്നേഹബന്ധത്തിന്റെയും അടയാളം (ഏശയ്യ 43:1; 49:1)

**10:7 - ഞാനാണ് ആടുകളുടെ വാതിൽ:** ആടുകളെ വാതിലിലൂടെ അകത്തു പ്രവേശിപ്പിച്ചു സുരക്ഷിതത്വം നൽകുന്ന യഥാർത്ഥ

ഇടയനായി യേശുവിനെ 10:1,2 ൽ സൂചിപ്പിക്കുന്നെങ്കിൽ 10:7–10 ൽ യോഹന്നാൻ വ്യത്യസ്തമായ അർത്ഥത്തിലാണ് വാതിൽ ഉപയോഗിച്ചിരിക്കുന്നത്. യേശു തന്നെയാണ് വാതിൽ. ഈ വാതിലിലൂടെയാണ് നാം ജീവനിലേക്ക് പ്രവേശിക്കുകയും (3:16, 5:24, 6:40, 11:25, 20:31) ദൈവജനത്തിലെ അംഗങ്ങളാവുകയും ചെയ്യുന്നത്.

**10:8 – എനിക്ക് മുമ്പേ വന്നവരല്ലാം:** ചില ആദ്യകാല കയ്യെഴുത്തു പ്രതികളിൽ ഇത് ഒഴിവാക്കപ്പെട്ടിരിക്കുന്നു. പ്രവാചകന്മാർ രൂക്ഷമായ ഭാഷയിൽ വിമർശിച്ച ഇസ്രായേലിന്റെ ഇടയന്മാരുടെ (ജറെ 23:1–3, എസെ 34:1–10, സംഖ്യ 11:17) പിന്തുടർച്ചക്കാരായാണ് ഫരിസേയർ ചിത്രീകരിക്കപ്പെടുന്നത് (മത്താ 23:29–36).

**10:9 – രക്ഷ പ്രാപിക്കും:** രക്ഷയിലേക്കുള്ള മാർഗമായി അസന്ധിഗ്ദമായി യേശു സ്വയം പ്രഖ്യാപിക്കുന്നു. **മേച്ചിൽസ്ഥലം:** ഈ വാഗ്ദാനം ദാഹവും വിശപ്പും മാറ്റുന്ന ജീവജലവും അപ്പവും ഓർമ്മിപ്പിക്കുന്നു.

**10:11 – നല്ല ഇടയനാണ്:** കാലോസ് എന്ന ഗ്രീക്കു പദത്തിന് നല്ലത്, സുന്ദരം, മാതൃക, സത്യമായത് തുടങ്ങിയ അർത്ഥങ്ങളുണ്ട്. അജഗണത്തിനു വേണ്ടി ജീവൻ അർപ്പിക്കുന്നവനാണ് നല്ല ഇടയൻ. അജഗണം ശുദ്ധീകരിക്കപ്പെടാൻ ഇടയന്റെ മരണം ആവശ്യമാണെന്ന് പ്രവചനം ഉണ്ട്. (സഖറിയ 13:7–9). യേശുവിന്റെ കുരിശു മരണത്താൽ ദൈവജനത്തിന്റെ രക്ഷ നിവർത്തിയാകുന്നു.

**10:12 – കൂലിക്കാരൻ:** ആടുകളുടെ സുസ്ഥിതിയിൽ താല്പര്യമില്ലാത്ത ഇടയന്മാരെ കുറിച്ച് പഴയ നിയമത്തിൽ പല സൂചനകളും ഉണ്ട് (എസെ 34:5–6, ജറെ 23:1–3, സഖറിയ 11:15,17) ആടുകളെ സ്വന്തമായി കരുതുന്ന നല്ല ഇടയനായ യേശു ശിഷ്യരെ അവസാനംവരെ സ്നേഹിക്കുന്നു വെന്ന് വ്യക്തമാക്കുന്നു. **ചെന്നായ്:** ആത്മീയ ശത്രുക്കളെ സൂചിപ്പിക്കുവാൻ ഉപയോഗിക്കുന്ന പരമ്പരാഗത പ്രതീകം (മത്താ 7:15, മത്താ 10:16).

**10:14 – അറിയുന്നു:** ഈ സുവിശേഷത്തിൽ അറിയുക എന്നതിന് സ്നേഹിക്കുക, ഐക്യത്തിൽ ആവുക എന്നൊക്കെയാണ് അർത്ഥം. യേശു നല്ല ഇടയനാകുന്നതിന്റെ പ്രഥമ കാരണമായി സുവിശേഷകൻ കാണുന്നത് യേശുവും പിതാവും തമ്മിലുള്ള പരസ്പര ഐക്യവും സ്നേഹവും ആണ് (പിതാവിനെ അറിയുന്നപോലെ ...). ആടുകളോടുള്ള ബന്ധം കൊണ്ടു മാത്രമല്ല ദൈവത്തോടുള്ള ബന്ധം കൊണ്ടു

കൂടിയാണ് യേശു നല്ല ഇടയനാകുന്നത്. **എനിക്കുള്ളവ**: യേശുവിന് തന്നെ അനുഗമിക്കുന്നവരോടുള്ള ബന്ധം കാണിക്കുന്ന പ്രയോഗം (1:11, 13:1, 17:9,10).

**10:16 – മറ്റാടുകളും എനിക്കുണ്ട്**: ഒരുമിച്ചു ചേർക്കപ്പെട്ട ഇസ്രായേൽ ജനത്തോടൊപ്പം വിജാതിയരെയും മിശിഹായുടെ ഗണത്തിലേക്ക് കൊണ്ടുവരും. **ഒരു ആട്ടിൻപറ്റവും ഒരിടയനും**: മിശിഹായുടെ സാർവത്രിക രക്ഷാകര ദൗത്യത്തിന്റെ സൂചന. ഏകവും സാർവ്വിത്രികവുമായ സഭയുടെ പരമോന്നത ഇടയൻ യേശുക്രിസ്തുവാണ് (ഹെബ്രാ 13:20). യേശുവിന്റെ മരണം ചിതറി കിടക്കുന്ന ദൈവമക്കളെ ഒരുമിച്ചു കൂട്ടുന്നു എന്ന് യോഹന്നാൻ പറയുന്നുണ്ട് (11:52).

**10:18 – സ്വമനസ്സാ അർപ്പിക്കുകയാണ്**: യേശുവിന്റെ മരണം അവിടത്തെ നിയന്ത്രണത്തിൽ തന്നെയാണ് (19:11,17). അതുപോലെതന്നെ അവിടുത്തെ സമയവും (2:4, 7:30, 8:20)

**10:30 – ഞാനും പിതാവും ഒന്നാകുന്നു**: ഒന്നാകുന്നു എന്നതിന് ഇവിടെ ഉപയോഗിച്ചിരിക്കുന്ന ഹെൻ എന്ന പദം പുല്ലിംഗം അല്ല എന്നത് ശ്രദ്ധേയമാണ്. പിതാവും പുത്രനും ഒരു വ്യക്തിയും സ്വഭാവവും ആണെന്നല്ല, അവർ ചെയ്യുന്ന പ്രവർത്തികളിൽ ഐക്യപ്പെട്ടിരിക്കുന്നു എന്നതാണ് ഇത് അർത്ഥം ആക്കുന്നത്. യേശുവിന്റെ വാക്കുകളും പ്രവർത്തികളും ദൈവത്തിന്റെ വാക്കുകളും പ്രവർത്തികളുമാണ്. ദൈവത്തെപ്പോലെ യേശുവും ജീവൻ നൽകുകയും വിധിക്കുകയും ചെയ്യുന്നു.

**10:34 – നിങ്ങൾ ദൈവങ്ങൾ ആണെന്ന്** ... : ദൈവവചനത്തിന്റെ വക്താക്കളെ ദൈവങ്ങൾ എന്ന് ലിഖിതം വിളിക്കുന്നെങ്കിൽ വചനം തന്നെ മാംസരൂപം എടുത്ത് അവരുടെ ഇടയിലേക്ക് വന്ന ദൈവപുത്രനായ യേശുവിനെ എന്തുകൊണ്ട് മിശിഹായായി സ്വീകരിക്കാൻ അവർക്ക് കഴിയുന്നില്ല എന്നതാണ് യോഹന്നാന്റെ ചോദ്യം.

**10:38 – പ്രവർത്തികളിൽ വിശ്വസിക്കുവിൻ**: ദൈവം തന്റെ പുത്രനെ വിശുദ്ധീകരിച്ച് ലോകത്തിലേക്ക് അയച്ചുവെങ്കിലും യേശുവിൽ ദൈവസാന്നിധ്യവും ദൈവത്തിന്റെ പ്രവർത്തികളും തിരിച്ചറിയേണ്ടത് ജനത്തിന്റെ തന്നെ ഉത്തരവാദിത്വമാണ്.

11:1-44 - ലാസറിനെ ഉയർപ്പിക്കുന്നത് താൻ ജീവൻ നൽകുന്നവൻ ആകുന്നു (5:25-29, 6:40) എന്ന യേശുവിന്റെ പ്രഖ്യാപനത്തെ സ്ഥിരീകരിക്കുന്ന സുപ്രധാന അടയാളമാണ് (12:18). യേശുവിൽ വിശ്വസിക്കുന്നവരെ ഉയർപ്പിക്കുമെന്നതിന്റെ പ്രതീകമായി ലാസറിനെ ഉയർപ്പിച്ച സംഭവം വീക്ഷിക്കാവുന്നതാണ്.

**11:1 – ബഥാനിയാ:** ജെറുസലേമിന് കിഴക്ക് 3 കിലോമീറ്റർ ദൂരെയുള്ള ഈ ഗ്രാമം ജോർദാന്റെ അക്കരെയുള്ള ബഥാനിയ അല്ല.

**11:4 – മരണത്തിൽ അവസാനിക്കാനുള്ളതല്ല** ...: ദൈവശാസ്ത്ര പ്രമേയങ്ങൾ നിറഞ്ഞുനിൽക്കുന്ന വാക്യം. ലാസറിന്റെ കഥ മരണത്തെക്കുറിച്ച് അല്ല ജീവനെ കുറിച്ചുള്ളതാണ്. ലാസറിന് നൽകുന്ന ജീവൻ ദൈവത്തിന്റെ മഹത്വവും (1:14, 2:11) പിതാവുമായുള്ള യേശുവിന്റെ ബന്ധവുമാണ് വെളിപ്പെടുത്തുന്നത്. ദൈവപുത്രന്റെ മഹത്വം യേശുവിന്റെ മരണവും ഉയർപ്പും സ്വർഗ്ഗാരോഹണവും അർത്ഥമാക്കുന്നു.

**11:9 – പകൽ നടക്കുന്നവൻ:** യേശു ലോകത്തിന്റെ പ്രകാശമാകുന്നതിനാൽ ശിഷ്യർക്ക് സുരക്ഷിതമായി നടക്കാൻ കഴിയുന്നു. യേശുവാകുന്ന പ്രകാശത്തിൽനിന്ന് അകലുന്നതാണ് അവർ തട്ടി വീഴാൻ കാരണം.

**11:10 – അവനു പ്രകാശം ഇല്ല:** കണ്ണിലൂടെ പ്രകാശം കടന്നുവരുന്നുവെന്ന വാദഗതി പൂർവികർ വിശ്വസിച്ചിരുന്നില്ല. പ്രകാശം കണ്ണിലുള്ളതാണെന്ന് അവർ കരുതിയിരുന്നു (ലൂക്കാ 11:34, മത്തായി 6:23)

**11:17 – നാലുദിവസമായി:** ഒരാൾ മരിച്ചുകഴിഞ്ഞാൽ മൂന്നുദിവസം ആത്മാവ് ശരീരത്തിൽ വീണ്ടും പ്രവേശിക്കാൻ ശ്രമിക്കുമെന്നും നാലാം ദിവസം പൂർണ്ണമായും വിട്ടുപോകുമെന്നുമുള്ള വിശ്വാസം അന്നാളുകളിൽ ഉണ്ടായിരുന്നു. അതിനാൽ മരണം സ്ഥിരീകരിക്കുന്ന സാക്ഷിമൊഴിയാണിത്.

**11:18 – 15 സ്താദിയോൻ:** ഏകദേശം മൂന്ന് കിലോമീറ്റർ ദൂരം. യേശുവിന്റെ ജീവൻ അപകടത്തിൽ ആക്കുന്ന ജെറുസലേം വളരെ അടുത്താണെന്ന് ഇത് ഓർമ്മപ്പെടുത്തുന്നു.

**11:25 – ഞാനാകുന്നു ഉത്ഥാനവും ജീവനും:** ജീവന്റെയും മരണത്തിന്റെയും മേൽ യാഹ്‌വെയ്ക്കുള്ള പരമാധികാരം യേശുവിനു

മുള്ളതാണ് (1 സാമുവൽ 2:6, ജ്ഞാനം 16:13) ശാരീരിക മരണത്തിന് വിശ്വാസികളുടെ മേൽ ശക്തിയില്ലെന്നാണ് ഞാനാണ് ഉത്ഥാനം എന്നതിന്റെ അർത്ഥം. അവരുടെ ഭാവി തീരുമാനിക്കുന്നത് മരണമല്ല യേശുവിലുള്ള വിശ്വാസമാണ് (5:28,29, 6:39,40, 10:28, 17:2). ഞാനാകുന്നു ജീവൻ എന്നത് വിശ്വാസിയുടെ ഇപ്പോഴുള്ള ജീവിതവും നിത്യജീവൻ നൽകുന്ന യേശുവിന്റെ ശക്തിയാൽ നിർണയിക്കപ്പെടുന്നു (3:16,36, 5:24, 6:47, 10:28, 17:2) എന്ന് വ്യക്തമാക്കുന്നതാണ്. വിശ്വാസികളുടെ ഇന്നത്തെയും ഭാവിയിലെയും ജീവന്റെമേലുള്ള അധികാരം യേശുവിനാണ് എന്നത്രേ ഈ വാക്യം അർത്ഥമാക്കുന്നത്.

**11:27 – ഞാൻ വിശ്വസിക്കുന്നു:** യേശു ദൈവപുത്രനും മിശിഹായും വരാനിരിക്കുന്നവനും ആണെന്ന മർത്തായുടെ വിശ്വാസ പ്രഖ്യാപനം പത്രോസിന്റെയും തോമസിന്റെയും വിശ്വാസ പ്രഖ്യാപനത്തിന് സമാനവും സുവിശേഷകന്റെ തന്നെ വിശ്വാസ അനുഭവത്തെ മുൻകൂട്ടി കാണുന്നതുമാണ്.

**11:35 – യേശു കണ്ണീർ പൊഴിച്ചു:** കരയുന്ന യേശു പാപത്തിന്റെയും മരണത്തിന്റെയും ഭാരത്താൽ വിതുമ്പുന്ന മനുഷ്യനോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു.

**11:41,42** – ലാസറിന്റെ ശവകുടീരത്തിങ്കലുള്ള യേശുവിന്റെ പ്രാർത്ഥനയുടെ പ്രത്യേകതകൾ: 1. സ്വർഗ്ഗത്തിലേക്ക് കണ്ണുകൾ ഉയർത്തുന്നു. 2. ദൈവത്തെ പിതാവേ എന്ന് വിളിക്കുന്നു (മത്താ 26:39, 42, മർക്കോ 14:36, ലൂക്കാ 10:21, 22:42, 23:43,46) 3. കൃതജ്ഞതപ്രകാശനം 4. തന്റെ പ്രാർത്ഥന ദൈവം കേൾക്കും എന്നുള്ള ഉറപ്പ്.

**11:43 – ഉച്ചത്തിൽ വിളിച്ചുപറഞ്ഞു:** 5:28 ൽ പറയുന്നപോലെ മനുഷ്യപുത്രന്റെ സ്വരം കേട്ട് തങ്ങളുടെ കല്ലറകളിൽനിന്ന് പുറത്തുവന്ന് വീണ്ടും ജീവിക്കുന്നതിനെ പറ്റിയുള്ള നാടകീയ വ്യാഖ്യാനം (10:3, ഏശ 48:9).

തുടരും ...

**Rev. Fr. Joseph Mattam**
Director
Apostolate of Bible & Catechesis

# ಸಮಾಜ ಸೇವಾ ವಿಭಾಗ

**ನವಜೀವನ ಹೆಚ್.ಐ.ವಿ./ಏಡ್ಸ್ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ಕಾರ್ಯಕ್ರಮ:**

ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್. (ರಿ) ಬೆಳ್ತಂಗಡಿ ಸಂಸ್ಥೆಯು ಹೆಚ್.ಐ.ವಿ. ಸೋಂಕಿತ ಮತ್ತು ಬಾಧಿತರಿಗೋಸ್ಕರ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ನೀಡುವ ಕಾರ್ಯಕ್ರಮವನ್ನು ನಡೆಸುತ್ತಿದೆ. ದಿನಾಂಕ 07.05.2025 ರಂದು ನವಜೀವನ ಆರೈಕೆ ಹಾಗೂ ಬೆಂಬಲ ಕೇಂದ್ರದ ಮಾಸಿಕ ಬೆಂಬಲ ಸಭೆ ಹಾಗೂ ಮಕ್ಕಳ ರಜಾ ಶಿಬಿರ ಬೆಳ್ತಂಗಡಿ ಸಾಂತೋಮ್ ಟವರ್‌ನಲ್ಲಿ ನಡೆಯಿತು. ಮುಖ್ಯ ಅತಿಥಿಯಾಗಿ ಸರಕಾರಿ ಪ್ರಥಮ ದರ್ಜೆ ಕಾಲೇಜು ಬೆಳ್ತಂಗಡಿಯ ಸಹಾಯಕ ಪ್ರಾಧ್ಯಾಪಕರು ಡಾ. ಕುಶಾಲಪ್ಪ ಎಸ್ ಶಿಬಿರವನ್ನು ಉದ್ಘಾಟಿಸಿ ವಿದ್ಯಾರ್ಥಿಗಳಿಗೆ ತರಬೇತಿ ನೀಡಿದರು. ಬೆಳ್ತಂಗಡಿ ಧರ್ಮಪ್ರಾಂತ್ಯದ ಮೀಡಿಯಾ ಅಪೋಸ್ಟಲೇಟ್ ನಿರ್ದೇಶಕಾರದ ವಂದನೀಯ ಮ್ಯಾಥ್ಯೂ ತಾಯೆಕಾಟ್ಟಿಲ್ ಹಾಗೂ ಉಜಿರೆ ಎಸ್.ಡಿ.ಎಮ್ ಕಾಲೇಜಿನ ಎಂ.ಎಸ್.ಡಬ್ಲ್ಯು ವಿಭಾಗದ ಸಹಾಯಕ ಪ್ರಾದ್ಯಪಕರು ಡಾ. ಧನೇಶ್ವರಿ ವಿವಿಧ ವಿಷಯಗಳ ಬಗ್ಗೆ ತರಬೇತಿ ನೀಡಿ ಕಾರ್ಯಕ್ರಮಕ್ಕೆ ಶುಭಹಾರೈಸಿದರು. ಜ್ಞಾನನಿಲಯ ಬೆಳ್ತಂಗಡಿಯ ನಿರ್ದೇಶಕರಾದ ವಂ. ಫಾದರ್ ಜೋಸೆಫ್ ಮಟ್ಟಂ ಇವರು ಮಕ್ಕಳಿಗೆ ಉಚಿತ ಪುಸ್ತಕಗಳು ಮತ್ತು ಕಲಿಕಾ ಸಾಮಾಗ್ರಿಗಳನ್ನು ವಿತರಿಸಿ ಕಾರ್ಯಕ್ರಮಕ್ಕೆ ಶುಭ ಹಾರೈಸಿದರು. ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್. ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ.ಫಾ. ಬಿನೋಯಿ ಎ.ಜೆ.ರವರು ಪ್ರಾಸ್ತಾವಿಕವಾಗಿ ಮಾತನಾಡಿದರು. ಅರ್ಥಿಗಳಿಗೆ ಪೌಷ್ಟಿಕ ಆಹಾರದ ಕಿಟ್ ವಿತರಿಸಲಾಯಿತು. ಈ ತಿಂಗಳಿನಲ್ಲಿ ಒಟ್ಟು ರೂ. 45,771/– ಈ ಯೋಜನೆಗೆ ಸಂಗ್ರಹವಾಗಿದೆ.

**ಸಮೃದ್ಧಿ ಯೋಜನೆ:**

ಕ್ರಾಸ್ ಸಂಸ್ಥೆ ಬೆಂಗಳೂರು ನೇತೃತ್ವದಲ್ಲಿ ಈ ಯೋಜನೆಯನ್ನು ಅನುಷ್ಠಾನಗೊಳಿಸಲಾಗುತ್ತಿದ್ದು ಸ್ವ–ಸಹಾಯ ಸಂಘದ ಮಹಿಳೆಯರಿಗೆ ಆದಾಯೋತ್ಪನ್ನ ಚಟುವಟಿಕೆಗಳನ್ನು ಆರಂಭಿಸಲು ಈ ಯೋಜನೆಯ ಮೂಲಕ ಸಾಲವನ್ನು ನೀಡಲಾಗುತ್ತದೆ.

ದಿನಾಂಕ 15.05.2025 ರಂದು ಶಿರಾಡಿ ಪ್ರತೀಕ್ಷ ಸ್ವ–ಸಂಘ, 12.05.2025 ರಂದು ನೆಟ್ಟಣ ಮುಂಗಾರು ಸ್ವ–ಸಂಘ, ಹಾಗೂ ದಿನಾಂಕ 15.05.2025 ನೆಲ್ಯಾಡಿ ಉಜ್ವಲ ಸ್ವ–ಸಂಘಕ್ಕೆ ಆದಾಯ ಉತ್ಪನ್ನ ಚಟುವಟಿಕೆಯ ಬಗ್ಗೆ ಸಂಯೋಜಕಿ ಕು. ಶ್ರೇಯಾರವರು ತರಬೇತಿ ನೀಡಿದರು. ದಿನಾಂಕ 22.05.2025 ರಂದು ಬೆಂಗಳೂರು ಕ್ರಾಸ್ ಸಂಸ್ಥೆ ನೇತೃತ್ವದಲ್ಲಿ ಯೋಜನೆಯಿಂದ ಕಿರು ಉದ್ದಿಮೆ ಸಾಲ ಪಡೆದ ಮನೆಗಳಿಗೆ ಕ್ರಾಸ್ ಸಂಸ್ಥೆ ಬೆಂಗಳೂರು ಸಮೃದ್ಧಿ ಯೋಜನೆಯ ಸಂಯೋಜಕರಾದ ಶ್ರೀ ಚಿನ್ನಪ್ಪರವರು ಆಗಮಿಸಿ ಕಿರು ಉದ್ದಿಮೆ ಸಾಲ ಪಡೆದ ಫಲಾನುಭಾವಿಗಳ 10 ಮನೆ ಬೇಟಿ ಮಾಡಲಾಯಿತು. ಸಮೃದ್ಧಿ ಯೋಜನೆಯ ಮೂಲಕ ನೆಲ್ಯಾಡಿ ವಲಯದ ಹೈನುಗಾರಿಕೆ, ರಬ್ಬರ್ ಲೀಸ್, ಪೀಠೋಪಕರಣದ ಅಂಗಡಿ, ಟೈಲರಿಂಗ್ ಕೋಳಿ ಸಾಕಣೆ, ಹೋಟೆಲ್ ಸಾಲ ಪಡೆದ 10 ಫಲಾನುಭವಿಗಳ ಮನೆ ಬೇಟಿ ನೀಡಿ ಅನುಷ್ಠಾನದ ಬಗ್ಗೆ ಪರಿಶೀಲನೆ ಹಾಗೂ ಸೂಕ್ತ ಸಲಹೆ ಸೂಚನೆ ನೀಡಲಾಯಿತು. ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್. ಸಂಸ್ಥೆಯ ನಿರ್ದೇಶಕಾರದ

ವಂ. ಫಾದರ್ ಬಿನೋಯಿ ಎ. ಜೆ. ಯೋಜನೆಯ ಸಂಯೋಜಕಿ ಕು. ಶ್ರೇಯಾ ಹಾಗೆ ವಲಯದ ಕಾರ್ಯಕರ್ತೆ ಶ್ರೀಮತಿ ತೇಜಾವತಿ ಮುಂತಾದವರು ಭಾವಹಿಸಿದರು. ಸಾಲ ಪಡೆದುಕೊಂಡ ಸದಸ್ಯರು ಅದನ್ನು ಕ್ರಮಬದ್ಧವಾಗಿ ಮರುಪಾವತಿ ಮಾಡುತ್ತಿದ್ದಾರೆ. ಪ್ರಸ್ತುತ ರೂ. 9,55,202/– ಹೊರಬಾಕಿ ಸಾಲ ಇದೆ.

**ಮಹಿಳಾ ಸಬಲೀಕರಣ ಯೋಜನೆ:**

ಮಿಸೆರಿಯೋರ್ ಪ್ರಾಯೋಜಿತ ಮಹಿಳಾ ಸಶಕ್ತತಾ ಕಾರ್ಯಕ್ರಮವು ಕ್ರಾಸ್ ಸಂಸ್ಥೆಯ ನೇತೃತ್ವದಲ್ಲಿ ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ಮೂಲಕ ಬೆಳ್ತಂಗಡಿ ಮತ್ತು ಕಡಬ ತಾಲೂಕುಗಳ ಆಯ್ದ 30 ಗ್ರಾಮಗಳಲ್ಲಿ ವ್ಯಾಪಿಸಿದೆ. ಒಟ್ಟು 109 ಮಹಿಳಾ ಸ್ವ–ಸಹಾಯ ಸಂಘಗಳು, 8 ಮಹಾಸಂಘಗಳು ಮತ್ತು 2 ನೋಂದಾಯಿತ ಒಕ್ಕೂಟಗಳು ಹಾಗೂ 1 ಜಿಲ್ಲಾ ಒಕ್ಕೂಟ ಇವೆ. ಒಟ್ಟು 1,156 ಮಂದಿ ಸದಸ್ಯರು ಸ್ವ–ಸಹಾಯ ಸಂಘಗಳ ಸದಸ್ಯತ್ವ ಪಡೆದಿದ್ದಾರೆ.

ದಿನಾಂಕ 23.05.2025 ರಂದು ಸ್ನೇಹಕಿರಣ್ ಜಿಲ್ಲಾ ಒಕ್ಕೂಟ ಮತ್ತು ಮಹಾಸಂಘಗಳ ಸದಸ್ಯರಿಗೆ ಒಕ್ಕೂಟಗಳ ಸಾಮರ್ಥ್ಯ ಬಲವರ್ಧನೆ ಬಗ್ಗೆ ತರಬೇತಿಯನ್ನು ಸಾನ್ ತೋಮ್ ಟವರ್ ಬೆಳ್ತಂಗಡಿ ಇಲ್ಲಿ ಆಯೋಜಿಸಲಾಗಿತ್ತು. ಸ್ನೇಹಕಿರಣ್ ಒಕ್ಕೂಟದ ಅಧ್ಯಕ್ಷೆ ಶ್ರೀಮತಿ ಎಲಿಯಮ್ಮ ತೋಮಸ್‌ರವರು ಅಧ್ಯಕ್ಷತೆಯನ್ನು ವಹಿಸಿದ್ದರು. ಸಂಪನ್ಮೂಲ ವ್ಯಕ್ತಿಯಾಗಿ ಡಾ। ಧನೇಶ್ವರಿ, ಪ್ರಾಧ್ಯಾಪಕರು, ಸಮಾಜಕಾರ್ಯ ವಿಭಾಗ ಎಸ್.ಡಿ.ಎಮ್ ಕಾಲೇಜು ಉಜಿರೆ ಇವರು ಒಕ್ಕೂಟಗಳ ಸದಸ್ಯರು ನಾಯಕತ್ವ ವಹಿಸಿ ಸಂಘಟನೆಗಳನ್ನು ಉತ್ತಮ ರೀತಿಯಲ್ಲಿ ಮುನ್ನಡೆಸುವ ಬಗ್ಗೆ ತರಬೇತಿ ನೀಡಿದರು. ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ.ಪಾ। ಬಿನೋಯಿ ಎ.ಜೆ. ಪ್ರಾಸ್ತಾವಿಕವಾಗಿ ಮಾತನಾಡಿದರರು. ಸ್ನೇಹಜ್ಯೋತಿ ಒಕ್ಕೂಟ ಬೆಳ್ತಂಗಡಿ, ಕಿರಣ್ ಒಕ್ಕೂಟ ಕಡಬ ಮತ್ತು ಮಹಾಸಂಘದ ನಾಯಕರುಗಳು ಭಾಗವಹಿಸಿದದ್ದರು.

**ವಿದ್ಯಾನಿಧಿ ಯೋಜನೆ:**

ಬೆಳ್ತಂಗಡಿ ಧರ್ಮಪ್ರಾಂತ್ಯದ ರಜತ ಮಹೋತ್ಸವದ ಸವಿನೆನಪಿಗಾಗಿ, ವೃತ್ತಿಪರ ಶಿಕ್ಷಣವನ್ನು ಬಯಸುವ ಬಡ ವಿದ್ಯಾರ್ಥಿಗಳಿಗೆ ಆರ್ಥಿಕ ಬೆಂಬಲ ಒದಗಿಸುವುದಕ್ಕಾಗಿ ವಿದ್ಯಾನಿಧಿ ಎಂಬ ಯೋಜನೆಯನ್ನು ಪ್ರಾರಂಭಿಸಲಾಗಿದ್ದು, ಇದುವರೆಗೆ ಇದುವರೆಗೆ ಒಟ್ಟು 250 ಮಂದಿ ಆರ್ಥಿಕ ಸಹಾಯ ನೀಡಿದ್ದಾರೆ. ಈ ತಿಂಗಳಲ್ಲಿ ಒಟ್ಟು 31,650/– ರೂ. ಧನಸಹಾಯ ಲಭಿಸಿರುತ್ತದೆ.

**Fr. Varkey Malikayil**

Director, Social Service Department

# FAMILY APOSTOLATE

## A. Hair Donation Campaign

രൂപത മാതൃവേദി സംഘടനയും യുവജന സംഘടനയും ചേർന്ന് ക്യാൻസർ രോഗികളെ സഹായിക്കുന്നതിന് വേണ്ടി കേശ ദാന ക്യാമ്പ് ഏപ്രിൽ മാസം മുപ്പതാം തീയതി ബെൽത്തങ്ങാടി ജ്ഞാനനിലയത്തിൽ വച്ച് നടത്തപ്പെട്ടു. പ്രസ്തുത പ്രോഗ്രാമിൽ രൂപതയുടെ വിവിധ ഇടവകകളിൽ നിന്നായി നാല്പതോളം സന്മനസ്സുള്ള സഹോദരങ്ങൾ അവരുടെ മുടി നൽകി സഹായിച്ചു. ഇതിനായി സഹായികളെ പറഞ്ഞയച്ച് എല്ലാ വികാരിയച്ചന്മാർക്കും മാതൃവേദി യുവജന സംഘടനകളുടെ ഇടവക ഭാരവാഹികൾക്കും സ്നേഹപൂർവ്വം നന്ദി അറിയിക്കുന്നു.

## B. Pilgrimage to Holy Land

രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ മെയ് മാസം അഞ്ചാം തീയതി മുതൽ പതിനഞ്ചാം തീയതി വരെ ഹോളി ലാൻഡ് തീർത്ഥാടനം നടത്തി. പ്രസ്തുത തീർത്ഥാടനത്തിൽ രൂപതയുടെ വിവിധ ഇടവകകളിൽ നിന്നായി 48 പേർ പങ്കെടുത്തു. 11 ദിവസങ്ങളിലായി നടത്തപ്പെട്ട ഈ തീർത്ഥാടനത്തിൽ ജോർദാൻ, ഇസ്രായേൽ, പാലസ്തീൻ, ഈജിപ്ത് എന്നിവിടങ്ങളിലെ നമ്മുടെ അതിവിശുദ്ധ സ്ഥലങ്ങൾ സന്ദർശിക്കുവാനും പ്രാർത്ഥിക്കുവാനും സാധിച്ചു. ഈ തീർത്ഥാടനത്തിൽ പങ്കുചേർന്ന് സഹകരിച്ച എല്ലാവർക്കും രൂപതയുടെ പേരിലുള്ള നന്ദി അറിയിക്കുന്നു.

## MATHRUVEDI

മാതൃവേദി പ്രവർത്തന വർഷത്തിന്റെ ഭാഗമായി ജൂൺ മാസം ചെയ്യേണ്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. മെയ് ജൂൺ മാസങ്ങളിലായി ഇടവക തലത്തിൽ മാതൃവേദി ഇലക്ഷൻ നടത്തുകയും ജൂൺ മാസം അവസാനത്തോടുകൂടി ഫൊറോന തലത്തിൽ ഇലക്ഷൻ നടത്തി ഭാരവാഹികളെ തിരഞ്ഞെടുക്കേണ്ടതാണ്.

ജൂൺ മാസത്തിൽ പുതിയ അധ്യായന വർഷം ആരംഭിക്കുമ്പോൾ സാമ്പത്തികമായി പിന്നോട്ടു നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് വേണ്ട സാമ്പത്തിക സഹായം പഠനസഹായാർത്ഥം ഇടവക തലത്തിൽ ചെയ്യേണ്ടതാണ്

## YOUTH APOSTOLATE

**I. Reel Making Competition**

**Rules:**

1. The Theme is restricted to Spiritual Contents only.
2. Only one entry is allowed from a parish.
3. The content must be appropriate for all age groups.
4. Submit your reel via WhatsApp as a document.
5. While sending your entry, please include:
   i. Your Parish Instagram page name for collaboration
   ii. A suitable caption for the post
6. The reel will be posted on Instagram, and winners will be selected based on the number of likes.

- ✓ Deadline for Submission: June 20, 2025
- ✓ Announcement of Winners: June 30, 2025
- ✓ For any queries or submission of entries contact:+918197828869

## II. CHOSEN GENERATION: Kodagu Forane Executives Gatheri

On May 25th, a parish executive meeting was successfully conducted at St. Mary's Church, Siddapura, bringing together 24 executive members from different parishes in the region. The event provided a valuable platform for input sessions, discussions, planning, and collecting opinions. The program was inaugurated by Rev. Fr. Devasia Vadakkeveettil the Forane Vicar and the gathering was marked by productive interactions, idea-sharing, and collaborative planning. The meeting facilitated a constructive exchange of ideas, fostering a spirit of cooperation and teamwork among the participants.

I appreciate the efforts of all involved in making this meeting a success. I would like to express my appreciation to the Kodagu Forane team for organizing the event and to the execute members for their active participation and cooperation. Their contributions were invaluable to the program's success.

**Fr. Joby Thomas Pullattu**
Director, Family & Youth Apostolates

# Newly Blessed Cemetery
# Addahole 06.05.2025





## Belthanagdy : Angels’ meet
## 25.05.2025



## Belthanagdy : *Hair Donation Camp*
## 30.04.2025



## Belthanagdy : Catechetical Council Meeting 27.05.2025




## Belthanagdy : CML Diocesan Council Meeting 07.05.2025



# Belthanagdy : DKRDS
# 23.05.2025



## District Level Capacity Building Training at San Thom Tower Belthangady



## Belthanagdy : Catechetical HM Conference
## 10.05.2025



## Belthanagdy : CML Leaders Training
## 16.05.2025



## Belthanagdy : 11th Std Teachers' Training
## 18.05.2025



## Badravathi: CML Mission Village Visiting
## 13.05.2025



## Congratulations to Rev. Fr. Joseph Cheeran



**MSC in Psychology from Montfort Institute of Advanced Studies, Bangalore**

## Congratulations to the Newly Professed
## Sr. Roshni SH
## SH Province, Thalassery



**St. Sebastian's Church, Hoskotte**

## OFM Capuchin New Provincial & Team (Pavanathma Province, Kannur)



## New Provincial & Team (MCBS ZION Province, Calicut)



## Family Apostlate : Holy Land Visit




## Laity Commission : Holy Land Visit





**Nellyady : Newly Built House**



# Condolences

**Rev. Sr. Jose Maria S.H.**
**SH, Province, Thalassery**



**Services in the Diocese of Belthangady**

1. S.H. Convent, Belthangady
2. S.H. Convent, Heggala
3. S.H. Convent, Nellyady

# Condolences

**Rev. Sr. George Maria S.H.**
**SH, Province, Thalassery**



**Services in the Diocese of Belthangady**
**S.H. Convent, Udane**

# അഭിവന്ദ്യ പിതാവിന്റെ ഡയറിയിൽനിന്ന്

## മെയ് - 2025

01. രാവിലെ 10.00 ന് ഗണ്ടിബാഗിലും ഇടവക ദേവാലയത്തിൽ വച്ച് ബഹു. ജോസ് ആയാംകുടിയച്ചന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ സിൽവർ ജൂബിലി ആഘോഷത്തിൽ പങ്കെടുക്കുകയും സന്ദേശം നൽകുകയും ചെയ്തു.

02. രാവിലെ 08.30 ന് രൂപതാ കാര്യാലയത്തിൽ നടന്ന കൂരിയ മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു.

03. രാവിലെ 10.00 ന് ഹൊസ്കോട്ടെ ഇടവക ദേവാലയത്തിൽ വച്ച് നവസന്യാസിനി ബഹു. സി. റോഷ്നി ചൂലക്കടവിൽ എസ്. എച്ച്.ന്റെ സന്യാസവസ്ത്ര സ്വീകരണ തിരുകർമ്മത്തിലും, ബഹു. സി. റോഷ്മ ചൂലക്കടവിൽ എസ്. എച്ച്. ന്റെ സന്യാസ നിത്യവൃതവാഗ്ദാന സ്വീകരണ തിരുകർമ്മത്തിലും, എസ്. എച്ച്.സന്യാസിനി സമൂഹത്തിലെ ബഹു. സിസ്റ്റേഴ്സിന്റെ സന്യാസ വ്രതവാഗ്ദാനത്തിന്റെ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കുകയും വി. ബലി അർപ്പിച്ച്, സന്ദേശം നല്കുകയും ചെയ്തു.

04. രാവിലെ 9.00 ന് ഹൊസ്കോട്ടെ ഇടവക ദേവാലയത്തിൽവച്ച് നടന്ന കുട്ടികളുടെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണ ശുശ്രൂഷയിൽ പങ്കെടുക്കുകയും വി. ബലി അർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

06. വൈകുന്നേരം 4.30 ന് അഡ്ഡഹോളെ ഇടവകയിൽ വി. ബലി അർപ്പിച്ച് പുതിയതായി നിർമ്മിച്ച സിമിത്തേരിയുടെ വെഞ്ചിരിപ്പ് നിർവ്വഹിച്ചു.

07. രാവിലെ 10.30 ന് ജ്ഞാനനിലയത്തിൽ വച്ച് നടന്ന മിഷൻലീഗ് ലീഡേഴ്സിന്റെയും, മിഷൻലീഗ് ഫൊറോന ഡയറക്ടേഴ്സിന്റെയും യോഗത്തിൽ പങ്കെടുക്കുകയും അദ്ധ്യക്ഷത വഹിച്ച് സന്ദേശം നൽകുകയും ചെയ്തു. വൈകുന്നേരം 4.00 ന്

ബെൽത്തംഗഡി ഹോളി റെഡീമർ ഇടവകയിൽ മരണമടഞ്ഞ മുൻ ജില്ലാ പരിഷത്ത് അംഗമായ ശ്രീമതി ജെസിന്താ മോരീസിന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്തു. വൈകുന്നേരം 6.30 ന് ജ്യോതി ഹോസ്പിറ്റലിൽ പുതിയതായി സ്ഥാപിച്ച കെ. എം. സി. ഹോസ്പിറ്റലിന്റെ അത്യാഹിത യൂണിറ്റിന്റെ ഉത്ഘാടനം നിർവ്വഹിക്കുകയും, സന്ദേശം നൽകുകയും ചെയ്തു.

08. രാവിലെ 10.00 ന് പുത്തൂർ മൈനർ സെമിനാരിയിൽ രൂപതാ സെമിനാരിയിലേയ്ക്കുള്ള പുതിയ അർത്ഥികളുമായി അഭിമുഖം നടത്തി.

10. രാവിലെ 10 മണിക്ക് ജ്ഞാനനിലയത്തിൽ വച്ച് നടന്ന പ്രധാന മതാദ്ധ്യാപകരുടെ സമ്മേളനം ഉദ്ഘാടനം ചെയ്തു സന്ദേശം നല്കി. വൈകുന്നേരം 05.00 ന് കങ്കനാടി ഇടവക ദേവാലയത്തിൽവച്ച് നടന്ന കുട്ടികളുടെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണ ശുശ്രൂഷയിൽ പങ്കെടുക്കുകയും വി. ബലി അർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

11. രാവിലെ 9.00 ന് ഉജിറെ ഇടവക ദേവാലയത്തിൽവച്ച് നടന്ന കുട്ടികളുടെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണ ശുശ്രൂഷയിൽ പങ്കെടുക്കുകയും വി. ബലി അർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു. ഉച്ചകഴിഞ്ഞ് ഉദനെ ഇടവകയിൽ ഇടവക തിരുനാളിനോടനുബന്ധിച്ച് വി. ബലി അർപ്പിച്ച് വചന സന്ദേശം നൽകി.

12. രാവിലെ 10.30 ന് കങ്കനാടി സെന്റ് അൽഫോൻസാ ദേവാലയത്തിൽ രൂപതാ മുൻ അജപാലന സമിതി അംഗമായ ശ്രി. ബിജു മുട്ടത്ത്കുന്നേൽ സാറിന്റെ മകന്റെ വിവാഹം ആശിർവദിക്കുകയും, വി. ബലി അർപ്പിച്ച്, സന്ദേശം നല്ക്കുകയും ചെയ്തു.

18. രാവിലെ 10 മണിക്ക് ജ്ഞാനനിലയത്തിൽ വച്ച് നടന്ന 11-ാം ക്ലാസ്സിലെ മതാദ്ധ്യാപകരുടെ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു സന്ദേശം നല്കി.

20. വൈകുന്നേരം ജ്ഞാനനിലയത്തിൽ വച്ച്, രൂപതാ കേന്ദ്രത്തിലും ജ്ഞാനനിലയത്തിലുമുള്ള വൈദികരോടൊപ്പം മാസധ്യാനത്തിൽ പങ്കെടുത്തു.

24. രാവിലെ 09.00 ന് ഉജിറെ ഇടവകയിൽ മരണമടഞ്ഞ ബഹു. സി. റിയ എഫ്. സി. സി. യുടെ പ്രിയപ്പെട്ട പിതാവ് ശ്രീ. ജോസ് തെറ്റയിലിന്റെ ഭവനം സന്ദർശിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. രാവിലെ 10.30 ന് ബൊൾമിനാർ സെന്റ് മേരീസ് ദേവാലയ ത്തിൽ മിഷൻ ലീഗിന്റെ ദേശീയ, സംസ്ഥാന തല പ്രവർത്തന വർഷം ഉദ്ഘാടനം ചെയ്തു.

25. രാവിലെ 10.00 ന് കത്തീഡ്രൽ ദേവാലയത്തിൽ വച്ച് നടത്തപ്പെട്ട, രൂപതയിലെ വിവിധ ഇടവകകളിൽ ആഘോഷമായ കുർബാന സ്വീകരണം നടത്തിയ കുട്ടികളുടെ സംഗമത്തിൽ (Angels' Meet) വി. ബലി അർപ്പിക്കുകയും വചന സന്ദേശം നൽകുകയും, അവരുമായി കൂടികാഴ്ച്ച നടത്തുകയും ചെയ്തു.

27. രാവിലെ 10.30 ന് ജ്ഞാനനിലയത്തിൽ വച്ച് നടന്ന മതബോധന ഫൊറോന ഡയറക്ടേഴ്സിന്റെയും യോഗത്തിൽ പങ്കെടുക്കുകയും അദ്ധ്യക്ഷത വഹിച്ച് സന്ദേശം നൽകുകയും ചെയ്തു. വൈകുന്നേരം 03.30 ന് എൻ. ആർ. പുര ലിറ്റിൽ ഫ്ളവർ ഇടവക ദേവാലയത്തിൽ ബഹു. സി. റാണിറ്റ എസ്. എ. ബി. എസ് ന്റെ പ്രിയപ്പെട്ട സഹോദരൻ പരേതനായ ശ്രീ ഷാജു പുതുശ്ശേരി യുടെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മി കത്വം വഹിച്ചു.

28. രാവിലെ 09.30 ന് രൂപതാ കാര്യാലയത്തിൽ വച്ച്, കപ്പുച്ചിൻ കണ്ണൂർ പാവനാത്മ പ്രോവിൻസ്, പ്രൊവിൻഷ്യാൽ ബഹു. ഫാ. വിനോദ് മങ്ങാട്ടിലുമായി കൂടിക്കാഴ്ച്ച നടത്തി.

31. രാവിലെ 10.00 ന് ജ്ഞാനനിലയത്തിൽ വച്ച് നടന്ന രൂപതാ അജ പാലന കേന്ദ്ര സമിതി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.



## BISHOP'S ENGAGEMENTS

### JUNE- 2025

| | | |
|---|---|---|
| 1. | Engaged | |
| 2. | Gandibagilu | |
| 7. | Belthangady | : Pastoral Council Meeting |
| 8. | Guthigar | |
| 9. | Puttur | : Minor Seminary |
| 14. | Belthangady | : School Teachers' Training Programme |
| 16-19. | Belthangady | : Priests' Refresher Course |
| 23. | Belthangady | : Kalpatharu College |
| 26. | Belthangady | : Inter-Commissions' Meeting |

Registered News Paper Monthly

**UDAYADEEPA BELTHANGADY**

REGISTERED NO.PTR/105/2024-2026

LICENSED TO POST WITHOUT PREPAYMENT

LICENSE NO. SK/WPP/PTR/219/2024-26

RNI No. KARMUL/ 2010/ 32217

**POSTED AT BELTHANGADY ON THE LAST DAY OF THE MONTH**

**ANNUAL SUBSCRIPTION RS. 140/- PER COPY RS.12/-**




Printed, Published and Owned by Fr. Joseph Valiaparambil, Bishop's House, P.B. No.13, Belthangady - 574214, Dist.-Dakshina Kannada, Karnataka, Tel.: 08256- 233975, Mob.: 09448251184. E-mail:Udayadeepabel@gmail.com. Place of publication: Bishop's House, P.B. No.13, Belthangady-574214, Dist. Dakshina Kannada, Karnataka. Printed at Shree Raghavendra Printers, Ujire-574 240, Phone: 08256–236421,Email:rpujire@gmail.com.
Editor: Fr. Lawrence Poonolil, Chancellor, 9481039879